# ലിറ്റിൽ മാസിക

2011 ജൂലൈ

ലക്കം 129



ചില്ലറത്തുട്ടുകൊണ്ട് തുടങ്ങിയ ഒരൊറ്റ കുഴൽക്കിണറിൽ നിന്ന്, ഇന്ന് പതിനാറോളം രാജ്യങ്ങളിൽ ഏഴേകാൽ ലക്ഷത്തിൽപരം ആളുകൾക്ക് കുടിവെള്ളമെത്തിക്കുന്ന റിയാൻസ് വെൽ ഫൗണ്ടേഷന്റെ മഹാനായ നേതാവാണിന്ന് റിയാൻ.

## ആനന്ദലബ്ധിക്ക് ജാലകം തുറന്ന് പുറത്തെ പച്ചപ്പിന്റെ മേടയിലേക്ക് നോക്കുകയേ വേണ്ടൂ

നിങ്ങളുടെ ക്ഷേത്രത്തിനു പിന്നിലെ ആ മലമുകളിൽ കൃഷിചെയ്തു ജീവിതകാലം കഴിക്കൂ എന്നാണ് ഒരിക്കൽ ഒരു ബുദ്ധസന്യാസി യാത്രപറഞ്ഞു പിരിയുമ്പോൾ ഞാൻ നിർദേശിച്ചത്. എന്നും ധ്യാനസ്ഥനായി ഇരിക്കയേ വേണ്ട. ധ്യാനത്തിലൂടെ അന്യൂനമായ പ്രശാന്തത കൈവരിക്കാൻ നിങ്ങൾക്കു ശ്രമിക്കാം. എന്നാൽ നിങ്ങളുടെ മനസ്സ് ഒന്നോ രണ്ടോ മിനിട്ടു പാടെ ശൂന്യമാക്കിനിർത്താൻ കഴിഞ്ഞാൽ അത്ഭുതകരമായിരിക്കും

*-ഫുക്കുവോക്ക*






ഹരിത ദർശനത്തിന്റെ സിനിമ

*ആദാമിന്റെ മകൻ അബു*



"എനിക്കീ ജീവിതത്തിൽ അറിയാവുന്ന ഏറ്റവും ജ്ഞാനിയായ മനുഷ്യൻ ഒരിക്കലും എഴുത്തും വായനയും അറിഞ്ഞുകൂടാത്ത ഒരാളാണ്" (The wisest man I ever knew in my whole life could not read or write).

*ഷൂസെ സാരമാഗു*





# ലിറ്റിൽ മാസിക



ചുങ്കത്തറ പി.ഒ., മലപ്പുറം - 679334
Ph: 04931-231493, 232780
Mob: 9946428284, 9995264564
email:littlemasika@gmail.com

129



ചീഫ് എഡിറ്റർ
**ബിജു ജോൺ**

കോ-ഓർഡിനേറ്റിംഗ് എഡിറ്റർ
**അബ്ദുള്ളക്കുട്ടി എടവണ്ണ**

മാനേജിംഗ് എഡിറ്റർ
**ജയപ്രകാശ് നിലമ്പൂർ**

എക്സിക്യുട്ടീവ് എഡിറ്റർ
**പി.എം. ജോൺ**

പത്രാധിപ സമിതി
**സതീഷ് ചളിപ്പാടം**
**മനോഹർ വർഗീസ**
**ചന്ദ്രബാബു തൃക്കലങ്ങോട**

സ്പെഷ്യൽ കറസ്പോണ്ടന്റ്
**ഹാരിസ് നെന്മേനി**

ടൈപ്പ് സെറ്റിംഗ്
**ജസീല**

ലേഔട്ട്
**ലിമാ ക്രിയേറ്റീവ**

പ്രിന്റിംഗ്
**4 പ്രിന്റ്,മഞ്ചേരി**
**9895117614**

കവർ പെയിന്റിംഗ്
**ഡോ. ടി. റഹിമാൻ**

**Copy left**

ലിറ്റിൽ മാസികയിൽ പ്രസിദ്ധീകരിക്കുന്ന രചനകൾക്ക് കോപ്പിറൈറ്റ് ഇല്ല. റഫറൻസോടുകൂടി യഥേഷ്ടം ഉപയോഗിക്കാം


**ജീവിതചിന്ത /ഫുക്കുവോക്ക**

# ശൂന്യതയുടെ ലോകം



## *ആനന്ദലബ്ധിക്ക് ജാലകം തുറന്ന് പുറത്തെ പച്ചപ്പിന്റെ മേടയിലേക്ക് നോക്കുകയേ വേണ്ടൂ.*

ടോക്കിയോവിൽ, ജപ്പാനിലെ ഏറ്റവും നല്ല ബക്ക് വീറ്റ് നൂഡിൽസുകൊണ്ട് എന്നെ സൽക്കരിച്ചിട്ടുണ്ട്, പക്ഷേ, എന്റെ ഫലോദ്യാനത്തിലെ കുടിലിൽ ഞാൻ തയ്യാറാക്കുന്ന നാടൻ ഊണു തന്നെ എന്നെ സംബന്ധിച്ചിടത്തോളം സമൃദ്ധം. ഈ മലമുകളിൽ വച്ച് വിശപ്പു തോന്നിയാൽ അവിടെ വളരുന്ന ധാന്യങ്ങൾ മതി എനിക്കു തൃപ്തിയാവാൻ. ഭക്ഷിക്കാനും ജോലി ചെയ്യാനും ഉറങ്ങാനും കഴിയുകയേ വേണ്ടൂ-വേറൊന്നും ആവശ്യമില്ല നമുക്ക്.

ആനന്ദലബ്ധിക്ക് ജാലകം തുറന്ന് പുറത്തെ പച്ചപ്പിന്റെ മേടയിലേക്ക് നോക്കുകയേ വേണ്ടൂ. എങ്കിൽ പിന്നെ പ്രസിദ്ധമായ ചലചിത്രങ്ങൾ കാണാൻ പോകുന്നതെന്തിന്? സംഗീതോപകരണങ്ങൾ ഉപയോഗിക്കാൻ പഠിക്കുകയോ സ്വരങ്ങളെക്കുറിച്ച് മനസ്സിലാക്കുകയോ പോലും ചെയ്യാതെ തന്നെ, കിളികൾ ചിലയ്ക്കുന്നതും തവളകൾ കരയുന്നതും ആസ്വദിക്കാനാവും നമുക്ക്. എത്ര ഒച്ചപ്പാടു നിറഞ്ഞതാണെങ്കിലും ശരി, തങ്ങളുടേതായ രീതിയിൽ തങ്ങളുടെ ശബ്ദം ഉപയോഗിച്ച് മെച്ചപ്പെട്ടതല്ലെങ്കിലും ഒരു മേളം രചിക്കുകയാണവ. എല്ലാം പരിത്യജിച്ചുകൊണ്ടും ആശയങ്ങളുടെ ലോകത്തുനിന്ന് അകന്നുകൊണ്ടും നമുക്ക് കണ്ടെത്താനാവും (അത് വളരെ ലളിതമാണുതാനും) ഒന്നുമില്ലാത്ത ലോകം സർവ്വസമ്പന്നമാണ്. വാസ്തവത്തിൽ എല്ലാം ഉള്ളതാണത്. അത് ആവുന്നിടത്തോളം സമൃദ്ധമായ ജീവിതം നയിക്കാൻ നമ്മെ പ്രാപ്തരാക്കുന്നു.

നിങ്ങളുടെ ക്ഷേത്രത്തിനു പിന്നിലെ ആ മലമുകളിൽ കൃഷിചെയ്തു ജീവിതകാലം കഴിക്കൂ എന്നാണ് ഒരിക്കൽ ഒരു ബുദ്ധസന്യാസി യാത്രപറഞ്ഞു പിരിയുമ്പോൾ ഞാൻ നിർദേശിച്ചത്. ഒരു സെൻ പുരോഹിതനോടു പറഞ്ഞ വാക്കുകളും ഞാൻ ഓർക്കുന്നു. എന്നും ധ്യാനസ്ഥനായി ഇരിക്കയേ വേണ്ട. ധ്യാനത്തിലൂടെ അന്യൂനമായ പ്രശാന്തത കൈവരിക്കാൻ നിങ്ങൾക്കു ശ്രമിക്കാം. എന്നാൽ നിങ്ങളുടെ മനസ്സ് ഒന്നോ രണ്ടോ മിനിട്ടു പാടെ ശൂന്യമാക്കിനിർത്താൻ കഴിഞ്ഞാൽ അത്ഭുതകരമായിരിക്കും. പത്തിരുപതു വർഷമായി ധ്യാനം തുടർന്നിട്ടും ഇപ്പോഴും ഒന്നോ രണ്ടോ മിനിട്ടെങ്കിലും സമസ്ത ചിന്തകളെയും നിരോധിക്കാൻ കഴിയാത്തവർ ഇല്ലേ? മനുഷ്യൻ എത്ര ചിന്താക്കുഴപ്പമുള്ളവനാണെന്നും ചിന്താരഹിതമായ മനസ് കൈവരിക്കുക എത്രമാത്രം പ്രയാസമാണെന്നുമല്ലേ ഇതിൽ നിന്നു തെളിയുന്നത്. സെൻ പരിശീലിക്കുന്നതിനേക്കാൾ ഒരു പമ്പരവിഡ്ഢിയാവുകയും കൈക്കോട്ടുമായി ഇവിടെ പണിയെടുക്കുകയും ചെയ്യുന്നതല്ലേ, വൈരാഗ്യ (detachment) സിദ്ധിക്ക് നന്ന്. ഇതു തന്നെയാവും ലക്ഷ്യപ്രാപ്തിക്ക് ഏറ്റവും എളുപ്പമുള്ള പാത.

*(ഫുക്കുവോക്കയുടെ പ്രകൃതിയിലേക്കു മടങ്ങാൻ സമയമായി എന്ന പുസ്തകത്തിൽ നിന്ന്)*

---

## എഡിറ്റോറിയൽ പോളിസി

അറിയപ്പെടാത്ത, എഴുതപ്പെടാത്ത ജീവിതാനുഭവങ്ങൾ അത് ഏറ്റവും ചെറിയ ജീവിതത്തെക്കുറിച്ചുമാവാം, ഏറ്റവും സാധാരണ ജീവിതാനുഭവത്തെക്കുറിച്ചുമാവാം. അനുഭവങ്ങൾ അത് എന്തെങ്കിലുമാവട്ടെ അതിന്റെ സത്യസന്ധതയും സ്വാഭാവികതയുമാണ് പ്രധാനം.. ഏത് ചെറിയ കാര്യവും മാസികയ്ക്ക് പ്രധാനമാണ്.

---

## ബിൽഗേറ്റ്സും സ്റ്റാൾമാനും

കോപ്പി റൈറ്റ് എന്ന കച്ചവട അവകാശം ഉപയോഗിച്ചാണ് ബിൽഗേറ്റ്സ് ഇത്രയും ധനികനായത്. പക്ഷേ ബിൽഗേറ്റ്സ് ഒടുവിൽ തന്റെ സ്വത്തിന്റെ പാതിയും ജീവകാരുണ്യത്തിന് പകുത്തുനൽകുന്നു. സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രചാരകനായ സ്റ്റാൾമാൻ കോപ്പിയെ സ്വതന്ത്രമായി വിട്ടുകൊടുത്തയാളാണ്. അതുകൊണ്ട് അദ്ദേഹം അത്രയും ധനികനായില്ല. പക്ഷേ അതുകൊണ്ടുതന്നെ അദ്ദേഹത്തിന് സ്വത്തിന്റെ പാതി മറ്റുള്ളവർക്ക് കൊടുക്കേണ്ടി വന്നുമില്ല. കാൾമാൻ തന്നെ തന്നെ വിട്ടുകൊടുക്കുകയായിരുന്നല്ലോ- പകർപ്പവകാശമൊന്നും കരുതിവെക്കാതെ. അതിനാൽ കൈവശം വെക്കുന്നതല്ല, വിട്ടുകൊടുക്കുന്നതാണ് മഹത്തരം.




**കോടികൾ ചിലവിട്ട മൾട്ടി സ്റ്റാർ പന്തലിൽ ആഡംബര ഉപവാസമല്ലാത്തതിനാൽ നിഗമാനന്ദയുടെ ഉപവാസം ആരും അറിഞ്ഞേയില്ല.**

ലിമാ ന്യൂസ്

# അറിയപ്പെടാത്ത ബാബ

ബി.ജെ.പി. നേതാക്കൻമാർ ഉത്തരാഖണ്ഡിലെ ഡെറാഡൂൺ ഹിമാലയൻ ആശുപത്രിയിൽ ആട്ടവും പാട്ടുമായി ബാബാ രാംദേവിനെ പ്രകീർത്തിച്ച് തിക്കിത്തിരക്കുമ്പോൾ അതേ ആശുപത്രിയിൽ മറ്റൊരു ബാബ ആരോരും അറിയപ്പെടാതെ മാധ്യമക്കണ്ണിൽ പെടാതെ മരണം കാത്തുകിടക്കുകയായിരുന്നു. സ്വാമി നിഗമാനന്ദയായിരുന്നു അത്. ഇക്കഴിഞ്ഞ ഫെബ്രുവരി 19 മുതൽ ഗംഗാതീരത്തെ നിയമവിരുദ്ധ മണൽഖനനത്തിനും കരിങ്കൽ ഖനനത്തിനും എതിരെ ഉപവാസത്തിലായിരുന്നു സ്വാമി. തലസ്ഥാനത്ത് മാധ്യമശ്രദ്ധ പിടിച്ചുപറ്റി കോടികൾ ചിലവിട്ട മൾട്ടി സ്റ്റാർ പന്തലിൽ ആഡംബര ഉപവാസമല്ലാത്തതിനാൽ നിഗമാനന്ദയുടെ ഉപവാസം ആരും അറിഞ്ഞേയില്ല. ക്യാമറക്കണ്ണുകളുടെ ഫ്ളാഷ് ലൈറ്റുകളുടെ പ്രഭാവലയത്തിൽ രാംദേവ് ആഘോഷമായി ഉപവാസം അവസാനിപ്പിച്ചതിന്റെ തൊട്ടുപിറ്റേന്ന് സ്വാമി നിഗമാനന്ദ തന്റെ ഉപവാസ സമരം മരണത്തിലേക്ക് അവസാനിപ്പിച്ചു. ഒരു പൊതു സമൂഹപ്രമുഖനും കണ്ണീർ പൊഴിച്ചില്ല. സ്വാമിയുടെ സമരം വ്യവസായി-രാഷ്ട്രീയ-ഉദ്യോഗസ്ഥ കൂട്ടുകെട്ട് ഗംഗയെ അപകടപ്പെടുത്തുന്നതിനെതിരെയായിരുന്നു. കോടികളാണ് ഗംഗയെ ശുദ്ധിയാക്കുന്നതിന് ചിലവിട്ടത്. എന്നിട്ടും ഏറ്റവും വലിയ മാലിന്യ പ്രവാഹമായി ഗംഗ ഒഴുകുന്നു. കുടിക്കാനും കുളിക്കാനും പോയിട്ട് കൃഷിക്കുപോലും യോഗ്യമല്ലാതായിരിക്കുന്നു ഗംഗാനദി.

ഗംഗാ പ്രദേശത്തെ മണൽ കരിങ്കൽ ഖനനം നടത്തുന്ന ഹിമാലയ സ്റ്റോൺ ക്രഷർ എന്ന കമ്പനിക്കുനേരെയായിരുന്നു സ്വാമിയുടെ പ്രധാന പോരാട്ടം. 2008ൽ 73 മണിക്കൂർ ഉപവാസം കൊണ്ട് ഫലം കണ്ടിരുന്നു. സർക്കാർ കു[illegible]മേളയുടെ ഭാഗത്തെ എല്ലാ ഖനനങ്ങളും നിരോധിച്ചിരുന്നു.



മൊഴിയാഴങ്ങൾ/ ഷൗക്കത്ത്

## നിറഞ്ഞിരിക്കാൻ ഒഴിഞ്ഞിരിക്കണം


മലമുകളിലോ കടൽക്കരയിലോ പുഴയോരത്തോ സ്വകാര്യമുറിയിലോ എവിടെയുമാകട്ടെ; ശരീരത്തിന് സ്വാഭാവികമായും അയവുണ്ടാകുന്ന ഒരിടത്ത് വെറുതെയിരിക്കുക. ഉള്ളിലുണരുന്ന ചിന്തകളെ അവയുടെ പാട്ടിനുവിടുക. അടിച്ചുയരുന്ന തിരമാലകൾ മെല്ലെയടങ്ങി അകം ശാന്തമാകും. ഉള്ളൊഴിയും. ആ ഒഴിവിലേക്ക് നിറവൊഴുകിയെത്തും. തുറന്നിട്ട ജാലകത്തിലൂടെയെത്തുന്ന തെന്നലിനെപ്പോലെ അതുവരും. പിടിച്ചുനിർത്താൻ ശ്രമിക്കാതെ അതിനോടൊപ്പം ഇരുന്നുകൊടുക്കുക. കടന്നുപോയാലും വീണ്ടുമത് വരാതിരിക്കില്ലെന്നറിയുക.

ഹരിതചിന്ത

# കരയുന്ന മരം

ഷിനോ ജേക്കബ് കുറ്റനാട്

**നാട്ടിലെ മറ്റേതൊരു ഭൂമിയും തുണ്ടുകളായി മുറിഞ്ഞ് കോൺക്രീറ്റ് കെട്ടിടങ്ങൾ നിറഞ്ഞപ്പോൾ റബ്ബർ മരങ്ങൾ പാലുതന്നു പോറ്റുന്നു എന്ന കാരണത്താൽ ആ ഭൂമികൾ വന്യമായി സംരക്ഷിക്കപ്പെട്ടു. നാട്ടിലെ കുന്നുകളെല്ലാം ഇടിച്ചുനിരത്തപ്പെട്ടപ്പോൾ റബ്ബർ മരങ്ങൾ കവചമായി നിന്ന കുന്നുകൾ സംരക്ഷിക്കപ്പെട്ടു.**



റബ്ബറേ, ആമസോണിന്റെ കരയുന്ന മരമേ, മദ്ധ്യ തിരുവിതാംകൂറുകാരന്റെയും ഇപ്പോൾ കേരളം എന്ന റബ്ബറളത്തിന്റെയും ആശ്രയമേ നിനക്ക് നന്ദി. ഒരു കാലത്ത് ഏകവിളത്തോട്ടം എന്ന കാരണത്താൽ സസ്യവൈവിധ്യം ഇല്ലെന്ന കുറ്റം റബ്ബർ തോട്ടങ്ങൾക്കുമേൽ ചുമത്തിയെങ്കിലും, റബ്ബർ തോട്ടങ്ങൾ ചെയ്ത മഹത്തായൊരു കാര്യം ചരിത്രത്തിൽ രേഖപ്പെടുത്തും. അതായത് നാട്ടിലെ മറ്റേതൊരു ഭൂമിയും തുണ്ടുകളായി മുറിഞ്ഞ് കോൺക്രീറ്റ് കെട്ടിടങ്ങൾ നിറഞ്ഞപ്പോൾ റബ്ബർ മരങ്ങൾ പാലുതന്നു പോറ്റുന്നു' എന്ന കാരണത്താൽ ആ ഭൂമികൾ വന്യമായി സംരക്ഷിക്കപ്പെട്ടു. വന്യം എന്നുപറഞ്ഞാൽ ദിവസത്തിൽ കേവലം ടാപ്പിംഗ്കാരൻ മാത്രം സഞ്ചരിക്കുന്ന, മറ്റു സമയങ്ങളിൽ ഇതര ജീവജാലങ്ങൾ പെരുമാറുന്ന ഭൂമിയായി മാറ്റപ്പെട്ടു. നാട്ടിലെ കുന്നുകളെല്ലാം ഇടിച്ചുനിരത്തപ്പെട്ടപ്പോൾ റബ്ബർ മരങ്ങൾ കവചമായി നിന്ന കുന്നുകൾ സംരക്ഷിക്കപ്പെട്ടു. അതായത് റബ്ബർ കുന്നുകളെ സംരക്ഷിച്ചു. യഥാർത്ഥത്തിൽ റബ്ബർ തോട്ടങ്ങൾ ഏകവിളത്തോട്ടങ്ങളായതിനാൽ ജൈവവൈവിധ്യം ഇല്ലാതാകുന്നു എന്നത് ശരി തന്നെ. എന്നാൽ റബ്ബർ തോട്ടങ്ങളിൽ ബഹുവിളകൾ സാധ്യമാണ്. കൈതച്ചക്ക മുതൽ മറ്റനേകം വിളകൾ ഇടവിളകളായി നട്ട് ഇത് തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. എന്നാൽ റബ്ബർ ബോർഡ് കൊടുക്കുന്ന നാമമാത്ര സബ്സിഡിക്കുവേണ്ടി കർഷകർ റബ്ബർത്തോട്ടങ്ങളെ ഏകവിളത്തോട്ടങ്ങളായി നിലനിർത്തുന്നു. റബ്ബർ തോട്ടങ്ങളിൽ ബഹുവിള നടപ്പാക്കുകയാണെങ്കിൽ വർഷത്തിൽ റബ്ബർ ബോർഡ് കൊടുക്കുന്ന തുകയുടെ നാലിരട്ടി തുക കർഷകർക്ക് ലഭിക്കും. ബഹുവിളയിലൂടെ റബ്ബർ തോട്ടങ്ങൾ ലഘുവനത്തിന്റെ ഗുണം നൽകുകയും ചെയ്യും. റബ്ബറേ നീ കരയുന്ന മരം മാത്രമല്ല, കുന്നുകളുടെയും വന്യതയുടെയും കരച്ചിൽ മാറ്റിയ മരം കൂടിയാണ്.



ആത്മഗതം

## ഈച്ചമരം

ഹസ്സൻ മമ്പാട്

*ഈ തുണ്ട് ഭൂമിയിൽ*
*നിഴൽ വിരിച്ച്*
*തണലേകാൻ അല്പ*
*മൊരാശ്വാസമായി...*
*ഒരു ഈച്ചമരവും*
*ഉണ്ടാകില്ല!*

ഇത്തിരി തുണ്ട് ഭൂമി
അതിരിട്ട് കുറച്ചു മരങ്ങൾ
പടുമരങ്ങൾ...!
താളിമരുത്, മുരിക്ക്, പൊടുവണ്ണി, പനകൾ
പിന്നെ എണ്ണക്കര..! (ഈച്ച പെരുകുന്ന
മരം എന്ന ഖ്യാതി. വിറകിനുപോലും
പറ്റാത്ത ഈ മരം എന്തിനു കൊള്ളാം!)
ഇന്നലെ....
ആ ചെറുമരങ്ങളെല്ലാം മുറിക്കപ്പെട്ടിരിക്കുന്നു.
ഞാൻ തമാശയായി പറഞ്ഞിരുന്നു.
പനയിൽ താമസിക്കുന്ന
യക്ഷികളോടെല്ലാം
കുടിയൊഴിഞ്ഞു പോകാൻ
പറഞ്ഞിട്ടാണ് മുറിച്ചതെന്ന്.
യന്ത്ര തുമ്പിക്കയ്യ് പിഴുതെറിഞ്ഞ്
പൽചക്രത്തിൽ ചതഞ്ഞരഞ്ഞ്
ചെറുമരങ്ങൾ വിറകിനുപോലും കൊള്ളാതെ
മണ്ണിനടിയിൽ വീർപ്പുമുട്ടി.
ബാക്കിയുള്ളവർക്ക് ആശ്വാസത്തിന്റെ
നെടുവീർപ്പ്.
എന്നിലെന്തോ വല്ലായ്മ!
നാളെ ചെറുമരങ്ങളുടെ
അസ്ഥിപഞ്ജരങ്ങൾക്കു മുകളിൽ
ഞാൻ വീടുപണിയും.
ഉള്ളും പുറവും ഉഷ്ണിക്കുന്ന മാസങ്ങളിൽ
ഞാൻആ വീട്ടിൽ പാർത്തുപോരുമ്പോൾ...
ഈ തുണ്ട് ഭൂമിയിൽനിഴൽ വിരിച്ച്
തണലേകാൻ അല്പമൊരാശ്വാസമായി...
ഒരു ഈച്ചമരവും ഉണ്ടാകില്ല!

*കുറിപ്പ്*

### *ഈച്ചമരം അഥവാ ആമത്താളി*
..(Trema Orientalis)

*പടുമരമായി അറിയപ്പെടുന്ന മരം പുഷ്പിക്കുന്ന സമയത്ത് ധാരാളം ഈച്ചകൾ വന്നിരിക്കുന്നതു കൊണ്ടും ആളുകൾ ഇതു വെട്ടിക്കളയാറുണ്ട്. എണ്ണക്കര എന്നും പറയാറുണ്ട്.*

---

## ഇറോംഷർമിള കാമ്പയിൻ



മണിപ്പൂരിലെ പട്ടാള കരിനിയമത്തിനെതിരെ പത്തു വർഷമായി നിരാഹാരം നടത്തുന്ന ഇറോം ഷർമിളയുടെ മോചനത്തിനായുള്ള ദേശീയ കാമ്പയിനിൽ പങ്കെടുക്കാൻ അഭ്യർത്ഥിക്കുന്നു. ബന്ധങ്ങൾക്ക്- *സണ്ണി പൈകട*-9446234997

## അയലത്തെ സ്കൂളും കളക്ടറും



ഈറോഡ് കളക്ടർ ഡോ:ആർ.ആനന്ദകുമാർ മകൾ ഗോപികയെ തമിഴ്മീഡിയം സർക്കാർ എൽ.പി. സ്കൂളിൽ ചേർത്ത് മാതൃക കാണിച്ചിരിക്കുന്നു.

**ത**മിഴ്നാട്ടിലെ ഈറോഡിൽ നിന്നും സ്കൂൾ വിദ്യാഭ്യാസം സംബന്ധിച്ച് ഒരു ആവേശകരമായ വാർത്ത. എന്തെങ്കിലും സർക്കാർ വകയോ, സ്വകാര്യമേഖലയിലോ നടന്ന ഒരു വിദ്യാഭ്യാസത്തെക്കുറിച്ചല്ലാ പറഞ്ഞുവരുന്നത്. ദേശീയതലത്തിൽ തന്നെ ശ്രദ്ധിക്കേണ്ട ഒരു ചെറിയ കാൽവെപ്പുമായി ഈറോഡ് കളക്ടർ ഡോ:ആർ.ആനന്ദകുമാർ കടന്നുവന്നിരിക്കുന്നു.

കളക്ടറും ഭാര്യ ഡോ: എം.ശ്രീവിദ്യയും കളക്ട്രേറ്റിനടുത്തുള്ള തമിഴ്മീഡിയം സർക്കാർ എൽ.പി.സ്കൂളിൽ തങ്ങളുടെ മകൾ ഗോപികയെ ഒന്നാം ക്ലാസ്സിൽ പ്രവേശിപ്പിക്കുന്നതിന് മറ്റ് രക്ഷിതാക്കളോടൊപ്പം ക്യൂ നിന്നു. ആറു വയസ്സുകാരി ഗോപിക, സഹപാഠികൾ തെരുവു കച്ചവടക്കാരുടെയും കൂലിപ്പണിക്കാരുടെയും മറ്റും സമൂഹത്തിലെ ഏറ്റവും താഴെക്കിടയിലുള്ളവർ എന്ന് വീക്ഷിക്കപ്പെടുന്നവരുടെ കുട്ടികളുടെ കൂടെ അക്ഷരം പഠിക്കുന്നു. തങ്ങളുടെ കുട്ടിക്ക് സ്കൂളിൽ നിന്നു തന്നെയുള്ള സൗജന്യ ഉച്ചഭക്ഷണം നൽകണമെന്നും അദ്ധ്യാപകരോട് പറഞ്ഞേൽപ്പിച്ചു കളക്ടർ.

ഒരു പ്രദേശത്തെ എല്ലാ വിഭാഗത്തിൽ പെട്ട കുട്ടികളും ഒരേ സ്കൂളിൽ പഠിക്കാനുള്ള സാധ്യത ഒരുക്കുന്ന കോമൺ സ്കൂൾ, അയലത്തെ സ്കൂൾ എന്ന കോത്താരി വിദ്യാഭ്യാസ കമ്മീഷന്റെ വിഖ്യാതമായ ആശയത്തെ നാം ഇതുവരെ അംഗീകരിച്ചിട്ടില്ല. വിദ്യാഭ്യാസരംഗത്ത് പ്രൈമറി തലം വരെയെങ്കിലും തുല്യ അവസരം നൽകാൻ സർക്കാർ പരാജയപ്പെടുകയാണ്. ഇന്ന് സാമ്പത്തിക സാമൂഹികശേഷിക്കനുസരിച്ച് പല നിലവാരത്തിലുള്ള വിദ്യാഭ്യാസമാണ് നൽകപ്പെടുന്നത്. ഫലമോ സർക്കാർ സ്കൂളുകളിൽ നിന്ന് ഏവരും അകലുകയും ചെയ്യുന്നു. കേരളത്തിലെ പല മുതിർന്ന ഐ.എ.എസ് ഓഫീസർമ്മാരും ഈ മാതൃക നേരത്തേ തന്നെ പ്രയോഗത്തിൽ വരുത്തിയവരാണ്. എന്നാൽ പുതു തലമുറയിൽപ്പെട്ട ഈ കളക്ടറുടെ മാതൃക പ്രശംസനീയമാണ്.

**വിദ്യാഭ്യാസരംഗത്ത് പ്രൈമറി തലം വരെയെങ്കിലും തുല്യ അവസരം നൽകാൻ സർക്കാർ പരാജയപ്പെടുകയാണ്.**



# മണലാരണ്യത്തിലെ മതിൽക്കെട്ടിൽ കൊച്ചുകേരളം

## ഹീലിമിസ്ബാഹിലെ പത്തുസെന്റോളം വരുന്ന മതിൽക്കെട്ടിനകത്ത് തൃശൂർ ചെറുതുരുത്തി സ്വദേശി അബ്ബാസിന്റെ കൊച്ചുകേരളം

പൊള്ളുന്ന പാതകൾക്കപ്പുറം പച്ചപുതച്ച മതിൽക്കെട്ടിനകത്തു കേരളത്തിന്റെ കുളിരേകി അബ്ബാസിന്റെ കൊച്ചുതോട്ടം കുട പിടിക്കുന്നു. മതിലിനു പുറത്തേക്കു തലനീട്ടി ചിരിക്കുന്ന മൂവാണ്ടൻ മാവും നാരകവും സപ്പോട്ടയുമെല്ലാം കേരളത്തിന്റെ സ്വന്തം. പടർന്നു പന്തലിച്ച നാരകത്തിലെ സമൃദ്ധമായ കായ്കൾക്കു വെയിലിനെ വെല്ലുവിളിക്കുന്നതിന്റെ ആവേശം.

നഗരത്തിൽ നിന്നു മാറിയുള്ള ഹീലിമിസ്ബാഹിലെ പത്തുസെന്റോളം വരുന്ന മതിൽക്കെട്ടിനകത്താണു തൃശൂർ ചെറുതുരുത്തി സ്വദേശി അബ്ബാസിന്റെ കൊച്ചുകേരളം. കാന്താരി, വാഴ, മാവ്, നാരകം, പേര, സപ്പോട്ട, ചീര തുടങ്ങിയവയെല്ലാം നാട്ടിൽ നിന്നു കൊണ്ടുവന്നു ഏറെ പണിപ്പെട്ടു നട്ടുവളർത്തിയതാണ്. നാടിനേക്കാൾ ഇവിടം ഇഷ്ടപ്പെട്ട മട്ടിലാണ് ഇവയുടെ വളർച്ച. മുല്ല, വേപ്പ്, കറിവേപ്പ്, ഓറഞ്ച്, സീതപ്പഴം, പപ്പായ, പാവൽ എന്നിവയുമുണ്ട്. പലതും വലിയ മരങ്ങളായി. ഏത്തവാഴ ഒഴികെയുള്ള എല്ലാ വാഴകളും നന്നായി വളരുമെന്നാണ് ഇതുവരെയുള്ള അനുഭവം. ചെറുപഴം, പൊണ്ണൻകായ, റോബസ്റ്റ എന്നിവ ധാരാളം.

കുളിരുപകരുന്ന ഈ ലോകത്തിനിപ്പോൾ പുതിയ അവകാശികളുമായി. പ്രാവും മൈനയും തത്തയും കുരുവിയുമെല്ലാം ഇവിടം താവളമാക്കിയിരിക്കുകയാണ്. ഇവയുടെ പാട്ടും കലപിലയും ഒഴിഞ്ഞ നേരമില്ല. നനഞ്ഞ മണ്ണും തണുത്ത കാറ്റും നാട്ടിലെ പ്രതീതി ജനിപ്പിക്കുന്നു. എത്ര ചൂടുള്ള കാറ്റും ഈ ലോകത്തെത്തിയാൽ ശാന്തം.

സ്വദേശി വയോധികയുടെ ഉടമസ്ഥതയിലുള്ള ഇവിടെ പന്ത്രണ്ടുവർഷം മുമ്പാണ് അബ്ബാസ് എത്തിയത്. ഇവിടെ നിന്ന് അല്പം അകലെ പശുക്കളെ വളർത്തുന്ന സ്ഥലവും ഇവർക്കുണ്ട്. രാവിലെ ഇവിടെയും മാർക്കറ്റിലുമൊക്കെ വീട്ടുടമസ്ഥയെ കൊണ്ടുപോകുന്നതൊഴിച്ചാൽ കാര്യമായ പണിയൊന്നുമില്ല. തരിശായി കിടക്കുന്ന സ്ഥലത്തു കൃഷി ചെയ്യുന്നതിനെക്കുറിച്ച് അങ്ങനെയാണ് ആലോചിച്ചത്. വീട്ടുടമസ്ഥയെ ഇക്കാര്യം അറിയിച്ചപ്പോൾ സന്തോഷത്തോടെ സമ്മതിക്കുകയും ചെയ്തു.

രാവിലെയും വൈകിട്ടും കൃത്യമായി നനയ്ക്കുകയും ജൈവവളമിടുകയും ചെയ്യുന്നതാണ് ഇവയുടെ വളർച്ചയുടെ രഹസ്യം. നാട്ടിലേക്കാൾ നല്ല വിളവു ലഭിക്കുന്നു.

സപ്പോട്ട, സീതപ്പഴം, മാമ്പഴം എന്നിവയെല്ലാം സമൃദ്ധം. 30 കിലോയോളം വരുന്ന വാഴക്കുലയാണ് അടുത്തിടെയുണ്ടായത്. എല്ലാം അയൽക്കാർക്കായി പങ്കുവെയ്ക്കുന്നതാണ് രീതി.തക്കാളി, മത്തൻ, മുളക്, പാവയ്ക്ക, കോവയ്ക്ക, കുമ്പളങ്ങ, പടവലം, പയർ തുടങ്ങിയവ മോശമില്ലാതെ വിളയുന്നു. നാട്ടിൽ നിന്നു പുതിയ ഇനം തൈകൾ കൊണ്ടുവന്നു പരീക്ഷിക്കാനുള്ള ആലോചനയിലാണ് അബ്ബാസ്.

*(മലയാള മനോരമ 2011 ജൂൺ 24)*

# പുസ്തകം കണ്ണിൽപെടണം.

സുകേതു

ോഅയച്ചുതന്ന ലിറ്റിൽ മാസികയുടെ കോപ്പികൾ തുന്നിച്ചേർത്ത് ഒരു കുട്ടിപ്പുസ്തകമാക്കി. സ്കൂൾ ലൈബ്രറി സീലും ബുക്ക് നമ്പറും കൊടുത്തു. ഇപ്പോഴത് ഏതോ കുട്ടിയുടെ വീട്ടിലുണ്ട്. മുത്തശ്ശനോ മുത്തശ്ശിയോ അമ്മയോ അച്ഛനോചേട്ടനോ ചേച്ചിയോ അമ്മാവനോ അമ്മായിയോചെറിയച്ഛനോ വല്ല്യച്ഛനോ.... തീർച്ച-അങ്ങനെ ആരുടെയെങ്കിലും കണ്ണിലത് പെടും.അത്തോതിലാണ് ഞാനത് ബൈൻഡ് ചെയ്തത്.(സ്കൂൾ ലൈബ്രറിയിലെ 90% ബുക്കും ഞാൻ ബൈൻഡ് ചെയ്തുകഴിഞ്ഞു. ആകർഷണീയത ഒരു പ്രധാന സംഗതിയാണ്.)മാഷേ.. പുസ്തകം കണ്ണിൽപെടണം. വായിച്ചില്ലെങ്കിലും ഒന്നെടുത്തുനോക്കാൻ തോന്നണം. എങ്കിലേ മറിച്ചുനോക്കൂ...ഇതും വിപ്ലവമല്ലേ?പ്രത്യേകിച്ച്ഈഗതികെട്ടകാലത്ത്!?


## സഞ്ചാരത്തെ കുറിച്ച് പഠിക്കുമ്പോൾ

സ്വകാര്യ വാഹനങ്ങൾക്ക് പ്രാമുഖ്യമുള്ള സമ്പദ് വ്യവസ്ഥകളിൽ നിലനിൽക്കുന്ന ഗതാഗത സംവിധാനങ്ങളും സഞ്ചാരരീതികളും ഒട്ടും തന്നെ സുസ്ഥിരമല്ല. പാരിസ്ഥിതിക കാഴ്ചപ്പാടിൽ മാത്രം കാണുകയാണെങ്കിൽ മോട്ടോർ വാഹനങ്ങളുടെ ലഭ്യത കുറഞ്ഞ സമൂഹങ്ങളാണ് കൂടുതൽ സുസ്ഥിരം. പൊതുവേ, 'അവികസിത'മെന്ന് കരുതപ്പെടുന്ന സാഹചര്യങ്ങളാണ് പാരിസ്ഥിതികമായി കൂടുതൽ സ്ഥായിയായത്. ദൈനംദിന സഞ്ചാരത്തെ കുറിച്ച് പഠിക്കുമ്പോൾ വെളിവാകുന്ന ഏറ്റവും പ്രധാന വസ്തുത, അത് ജനങ്ങളുമായി, ഓരോ വ്യക്തികളുമായും അവരുടെ ജീവിതങ്ങളുമായും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു എന്നതാണ്.

വ്യക്തിഗത സഞ്ചാരങ്ങളാണ് ഏറ്റവും അടിയന്തിരവും ദൈനംദിനവുമായത്. അത് പെട്ടെന്ന് രൂപാന്തരപ്പെടുത്താവുന്നതുമാണ്. എല്ലാ യാത്രകളിലും വെച്ച് ഏറ്റവും ക്ഷമത കുറഞ്ഞതും കൂടുതൽ മലിനീകരണം വരുത്തുന്നതും വ്യക്തിഗത യാത്രകൾ തന്നെയാണ്. ഉദാഹരണത്തിന് ഒരു ജീൻസ് വാങ്ങുന്നതിന് ഒരാൾ നടത്തുന്ന യാത്ര, നിർമ്മാണ സ്ഥലത്തുനിന്നും ആ കടയിലേക്ക് ജീൻസ് എത്തിക്കുന്നതിനുവേണ്ടി പുറത്തുവിടുന്ന അത്രതന്നെ ഹരിത ഗൃഹവാതകങ്ങൾക്ക് ഉറവിടമാകുന്നതായി ഒരു ഊർജ്ജ ഉപഭോഗ പഠനത്തിൽ കാണുകയുണ്ടായി.

*കടപ്പാട്: പാഠഭേദം മാസിക മാർച്ച് 2011*





# ആദാമിന്റെ മകൻ അബുവിന്റെ ഹരിതദർശനം

മൊണ്ടാഷ് മമ്മദ്

**മരങ്ങളെ മുറിക്കലും പരിക്കേൽപ്പിക്കലും ഒരു പ്രശ്നമേയല്ലാത്ത, നിത്യസംഭവമാക്കിയ മലയാളിയുടെയും ഇന്ത്യക്കാരന്റെയും ബോധത്തിനു മുന്നിൽ വളർന്നു പന്തലിച്ച ഒരു ബോധിയായി നിൽക്കുന്ന സിനിമയാണ് *ആദാമിന്റെ മകൻ അബു*.**

"എനിക്കീ ജീവിതത്തിൽ അറിയാവുന്ന ഏറ്റവും ജ്ഞാനിയായ മനുഷ്യൻ ഒരിക്കലും എഴുത്തും വായനയും അറിഞ്ഞുകൂടാത്ത ഒരാളാണ്"(The wisest man I ever knew in my whole life could not read or write)... നോബൽ സമ്മാനിതനായ പോർച്ചുഗീസ് നോവലിസ്റ്റ് ഷുസെ സാരമാഗു തന്റെ നൊബേൽ പ്രസംഗം ആരംഭിച്ചത് ഇങ്ങനെയാണ്. നിരക്ഷരനായ തന്റെ മുത്തച്ഛനെ കുറിച്ചുള്ള സാക്ഷരനായ പേരമകന്റെ ഹൃദയഭാഷയിലുള്ള ചിത്രണമായി മാറുന്നുണ്ട് അത് പിന്നീട്. മുത്തച്ഛൻ തന്റെ ഫാമിനുള്ളിൽ തീർത്ത ജൈവ പ്രാപഞ്ചികത വാക്കുകൾ കൊണ്ട് വരച്ചിടുന്നുണ്ട് ഈ വിശ്വപ്രസിദ്ധ എഴുത്തുകാരൻ. ലളിതവും ആത്മാർത്ഥവും കരുണാർദ്രവുമായ തന്റെ ഇടപഴകലുകളിലൂടെ എങ്ങനെയാണ് മുത്തച്ഛൻ ഫാമിലെ പക്ഷിമൃഗാദികൾക്ക് മാത്രമല്ല മരങ്ങൾക്കുപോലും പ്രിയപ്പെട്ടവനായിത്തീർന്നതെന്ന വർണ്ണനയുമുണ്ട്. ഈ പ്രസംഗം സാരമാഗു നടത്തിയത് 20-ാം നൂറ്റാണ്ടിന്റെ ഏറ്റവും വികസിതവും വിശാലവുമായ തലച്ചോറുകളും ഹൃദയങ്ങളുമടങ്ങിയ ഒരു സദസ്സിനു മുന്നിലാണെന്ന വസ്തുത, ലളിതമെന്ന് തോന്നിക്കുമെങ്കിലും ഹൃദയവർജ്ജകമായ ആ വാക്കുകളുടെ അഗാധതയെ അടയാളപ്പെടുത്തുന്നുണ്ട്.

*ആദാമിന്റെ മകൻ അബു* ഏറ്റുവാങ്ങുന്ന ആദ്യപ്രശംസ/വിമർശനം അത് അതിലളിതമാണെന്നതാണ്. കല അതിന്റെ കപടത മറച്ചുവെക്കണം (Art should conceal its artificiality) എന്ന കലാ വിമർശന പഴമൊഴി ഒരു മിസ്റ്റിക് ലാളിത്യത്തിന്റെ ഔന്നത്യത്തിലേക്ക് ഉയർത്തുന്നതിൽ ഈ സിനിമയിൽ സംവിധായകൻ വിജയിച്ചിരിക്കുന്നു. രണ്ടാമത്തെ സ്വാഭാവിക വിമർശനം സലിം കുമാറിന്റെ അവാർഡുമായി ബന്ധപ്പെട്ടതാണ്. നടനും താരവും തമ്മിലുള്ള ജാതി വ്യത്യാസബോധം മലയാളി പ്രേക്ഷകരുടെ സിനിമാസ്വാദന ബോധത്തിലുള്ളതിനെ മാധ്യമങ്ങൾ ഏറ്റെടുത്തു പ്രകാശിപ്പിച്ചുവെന്നേയുള്ളൂ, ഇതിൽ. എന്നാൽ പ്രത്യക്ഷത്തിലെ ഈ അതിലാളിത്യത്തിനും, അഭിനേതാക്കളുടെ കഥാപാത്ര ജീവനത്തിനും അപ്പുറത്ത് സിനിമ മുന്നോട്ടുവെക്കുന്ന ദർശനം എന്ത് എന്ന് അപഗ്രഥിക്കുമ്പോഴാണ് *ആദാമിന്റെ മകൻ അബു* വിശ്വ വിശാലമായ ഹരിതദർശനത്തിനുടമയാണ് എന്ന് നാം തിരിച്ചറിയുക.

ഈ സിനിമ മുന്നോട്ടുവെക്കുന്ന മാനുഷിക-സാമൂഹിക ബന്ധങ്ങൾ മതങ്ങളുടെ ജീർണ്ണിച്ച ശരീരത്തിനു പകരം മാനവീയതയുടെ കരുത്തുറ്റ ആത്മീയതലം മുന്നോട്ടുവെക്കുന്നു എന്ന വീക്ഷണകോണിൽ ധനാത്മകമാണ്. ഹജ്ജിനു പോവുക/ജീവിതമോക്ഷം നേടുക എന്ന് നോമ്പുനോറ്റിരിക്കുന്ന അബുവിനും ആയിശുമ്മക്കും പ്രതിസന്ധിയിൽ സഹായഹസ്തവുമായി വരുന്നതിൽ മരക്കച്ചവടക്കാരൻ ജോൺസണും ഹിന്ദുവായ അദ്ധ്യാപകനും മറ്റു പരിചയങ്ങളോ ബന്ധങ്ങളോ ഒന്നുമില്ലാത്ത അഷ്റഫുമുണ്ട്. മതത്തിന്റെ ആത്മാവിനെ ജീവിതവീക്ഷണകേന്ദ്രമാക്കിയ അബുവിന് പക്ഷേ ഇതൊന്നും സ്വീകരിക്കാനാവില്ല.

അയാളിൽ ആകെ അസ്വാരസ്യത്തിന്റെ ഭാവം വിടർത്തുന്ന മകൻ സത്താറിനെക്കുറിച്ചുള്ള ആലോചനകളിൽ - സിനിമയിൽ ഇവരുടെ കാഴ്ചപ്പാടിലൂടെ മാത്രം കാണുന്ന ഒരു കഥാപാത്രമാണയാൾ - പോലും അയാൾക്ക് സംയമനമുണ്ട്. ഈ ബന്ധങ്ങളിലെല്ലാം സിനിമക്ക് വിശാല മാനവീയതയുടെ വർണ്ണം പൂശാനായി എന്നത് തികച്ചും പോസിറ്റീവായ കാര്യം തന്നെയാണെങ്കിലും, ശരാശരി മലയാളസിനിമ എന്നും പുലർത്താറുള്ള വീക്ഷണമാണത്. എന്നാൽ ക്ലൈമാക്സിന്റെ മൂലവും അതിന്റെ പരിണതിയും ആഴത്തിൽ അപഗ്രഥിക്കുമ്പോഴേ ഈ സിനിമയുടെ ഹരിതദർശനം തെളിഞ്ഞുവരൂ. അല്ലാത്തപക്ഷം പാവപ്പെട്ട ഒരു മുസ്ലീമിന്റെ ജീവിതമോക്ഷം തേടാനുള്ള പരിശ്രമവും അതിലെ പരാജയവും വേദനയും നിറഞ്ഞ മറ്റൊരു ശരാശരി സിനിമ മാത്രമായി ഇതവസാനിക്കും.

അബുവിന്റെ മോക്ഷ തീർത്ഥാടനത്തിലേക്കുള്ള ലക്ഷ്യത്തിന് ഒരു ലക്ഷം രൂപ കൂടി കുറവുണ്ട്. അയാൾ തന്റെ വീട്ടുമുറ്റത്തെ വരിക്കപ്ലാവിനെ വിൽക്കാൻ തീരുമാനിക്കുന്നു. പ്ലാവു പരിചിതനായ കച്ചവടക്കാരൻ ജോൺസൺ വില നിശ്ചയിക്കുന്നു. അറുപതിനായിരം രൂപ. പശുവിനെ വിറ്റും മറ്റും അയാൾ നാൽപതിനായിരം രൂപ കൂടി ഒപ്പിക്കുന്നുണ്ട്. പൈസയൊത്ത സമാധാനത്തിൽ ഹജ്ജ് ക്ലാസും കഴിഞ്ഞ് തിരിച്ചുവരുന്ന അബു കാശിനായി ജോൺസണെ കാണാൻ ചെല്ലുമ്പോൾ അയാൾ സന്തോഷപൂർവ്വം കാശുകൊടുത്ത് ഒരു കാര്യംകൂടി പറഞ്ഞുവെക്കുന്നു. പ്ലാവിന്റെ കാതൽഭാഗം പൊള്ളയാണെന്നും വിറകിന്റെ വില പോലും കിട്ടില്ലെന്നും. ഇത് പരാതിയല്ലെന്നും മറിച്ച് വീട്ടിലെത്തി വിവരമറിഞ്ഞ് ഇങ്ങോട്ടുതന്നെ പിടഞ്ഞെത്തിയേക്കാവുന്ന അബുക്കാനോട് അത് ഒഴിവാക്കാൻ പറഞ്ഞതാണെന്നും തികഞ്ഞ ആത്മാർത്ഥതയോടെ അയാൾ കൂട്ടിച്ചേർക്കുന്നു. എന്നാൽ ജീവിതത്തെ കുറിച്ചും വ്യവഹാരത്തെക്കുറിച്ചും കൃത്യമായ നിലപാടുകളുള്ള അബു പണം സ്വീകരിക്കാതെ തിരിച്ചുകൊടുക്കുന്നു. സുഹൃത്ത് സ്കൂൾ മാസ്റ്ററുടെയും ട്രാവൽസിലെ അഷ്റഫിന്റെയും വാഗ്ദാനങ്ങൾ സ്നേഹപൂർവ്വം നിരസിക്കുന്നു. അബുവിന്റെ ജീവിത ലക്ഷ്യബോധം അതിമനോഹരഗാനമായ "മക്കാമദീനത്തിൽ എത്തുവാനല്ലാതെ/തുച്ഛമീ ജൻമത്തിൻ അർത്ഥമെന്തേ/ഒത്തിടട്ടേ, വിധിയായിടട്ടേ" എന്ന വരികൾ ആറ്റിക്കുറുക്കുന്നുണ്ട്.

ഇവിടെ നിന്നുമാണ് സിനിമ അതിന്റെ യു-ടേൺ എടുക്കു

ന്നത്. ബലിപെരുന്നാൾ തലേന്ന് രാത്രിയിൽ മീനായിലെ എണ്ണ മറ്റ ഹാജിമാരെക്കുറിച്ചും ഇബ്രാഹിം നബിയുടെ വിളിയെ കുറിച്ചും കഅ്ബയുടെ കില്ലയെ കുറിച്ചുമുള്ള നിരാശയും വേദനയും കലർന്ന പങ്കുവെയ്ക്കലുകൾക്കിടയിൽ പണം സ്വരൂപിക്കുന്നതിനായി താൻ മുറിച്ച പ്ലാവിന്റെ ജീവനെ കുറിച്ചുള്ള ഒരു പ്രസ്താവന ആയിശുമ്മയോട് അബു നടത്തുന്നുണ്ട്. "നമ്മുടെ നിയ്യത്ത് ശരിയായിട്ടുണ്ടാവില്ല. എവിടെയോ തെറ്റുപറ്റീട്ടുണ്ട്. ചിലപ്പോ പിലാവ് മുറിച്ചത് പടച്ചോന് ഇഷ്ടായിട്ടുണ്ടാവില്ല. അതൊരു ജീവനല്ലേ ആയിശൂ", എന്ന അതിവിശാലമായ പ്രാപഞ്ചികബോധമാണത്. ഈ പൊള്ളലിലാണ് അബു ആ രാത്രി മുഴുവൻ ഉറങ്ങാതിരിക്കുന്നത്. ഈ കാഴ്ചപ്പാടിനെ സംവിധായകൻ ഊന്നുന്നത് വെട്ടിവീഴുമ്പോൾ നിലത്ത് തലയടിക്കുന്ന പ്ലാവിന്റെ പച്ചപ്പുകാഴ്ച പേക്കിനാവിലൂടെ ആവർത്തിച്ചാണ്.

മരങ്ങളെ മുറിക്കലും പരിക്കേൽപ്പിക്കലും ഒരു പ്രശ്നമേയല്ലാത്ത, നിത്യസംഭവമാക്കിയ മലയാളിയുടെയും ഇന്ത്യക്കാരന്റെയും ബോധത്തിനു മുന്നിൽ വളർന്നു പന്തലിച്ച ഒരു ബോധിയായി അബുവും സിനിമയും നിൽക്കുന്നത് അങ്ങനെയാണ്. അതിന് പ്രായശ്ചിത്തമെന്നോണം പെരുന്നാളിന്റെ അന്ന് സുബ്ഹിക്ക് അരണ്ട വെളിച്ചത്തിൽ എവിടുന്നോ സംഘടിപ്പിച്ച ഒരു പ്ലാവിൻതൈ നട്ടുനനയ്ക്കുന്നുണ്ട്, അബു എന്ന പ്രാപഞ്ചിക മനുഷ്യൻ. സ്വന്തം താല്പര്യത്താലെ പിതാവിന്റെ സ്വപ്നസാഫല്യത്തിന് കഴുത്തുനീട്ടിയ ഒരു പുത്രന്റെ അനുസ്മരണമായ ബലിപെരുന്നാൾ ദിനത്തിൽ, പരിസ്ഥിതിയിൽ താൻ ഏൽപ്പിച്ച ഒരു പാതകത്തിന് പ്രായശ്ചിത്തമായി സുബ്ഹി നമസ്കാരത്തിന് പള്ളിയിൽ പോകുന്നതിനുമുമ്പ് ഒരു പ്ലാവിൻതൈ - പച്ചപ്പ് - നട്ടു ബലിയെ സ്വന്തം ജീവിതത്തിൽ പുനർനിർവ്വചിക്കുന്നുണ്ട് അയാൾ. പുത്രനെ ബലിയർപ്പിക്കാനെത്തിയ ഇബ്രാഹീമിനെയും പകരം ആടിനെ ബലിയറുത്ത് മോക്ഷം തേടിയ അദ്ദേഹത്തെയും പിൻമുറക്കാരെയും വളരെ കാവ്യാത്മകമായി ഓർമ്മിപ്പിക്കുന്നുമുണ്ട്. കൂടാതെ ഹജ്ജിനായി വസ്ത്രവും ഭക്ഷണവും ശേഖരിച്ച് ഗ്രാമത്തോട് യാത്രപറഞ്ഞ്, മൂന്ന് പാവപ്പെട്ട വീട്ടുകാരെ സഹായിച്ച്, ആ വീടുകളെ 'ത്വവാഫ്' ചെയ്ത് മൂന്നാം ദിവസം ഹജ്ജ് ചെയ്ത ബോധ്യത്തിൽ തിരിച്ചുവന്ന ജുനൈദ് എന്ന സൂഫിയുടെ കഥയെയും അനുസ്മരിപ്പിക്കുന്നുണ്ട്.

പട്ടണങ്ങൾ വല്ലാതെ മാറുന്നുവെന്ന് ബേജാറാകുന്ന, ക്യാമറ ഫ്ളാഷിനു പോലും കിടിലത്തോടെ മാത്രം മുഖംകൊടുക്കുന്ന, പണം എണ്ണി കൃത്യമായി തിട്ടപ്പെടുത്താനറിയാത്ത, 'ചില നേരത്ത് ചെറ്യേ കുട്ടികളുടെ സ്വഭാവം' കാണിക്കുന്ന, ഒരു പച്ചപ്പയ്യിനെ പോലും നോവിക്കാനാവാത്ത ആർദ്രമായ ഗ്രാമീണ മനസ്സുള്ള അബു തീർച്ചയായും തന്റെ വ്യക്തിമോക്ഷത്തിന്റെ അടിവേര് പ്രകൃതിയോടുള്ള/പരിസ്ഥിതിയോടുള്ള നീതിബോധത്തിൽ കാണുന്നതിൽ യാതൊരു അത്ഭുതവുമില്ല.

ഈ ബോധം ഇയാൾക്കുണ്ടാകുന്നത് നിലം പതിക്കുന്ന പ്ലാവിന്റെ സ്വപ്നത്തിന്റെ ബാക്കിപത്രമായാണെന്നതും യാദൃച്ഛികമല്ല. അങ്ങനെ നട്ട പ്ലാവിൻ തൈയിലും വെള്ളമൊഴിക്കാൻ വെച്ച ബക്കറ്റിലും ക്യാമറ കുറേനേരം ഉറങ്ങിക്കിടന്ന് പതിയെ തക്ബീർ മുഴങ്ങുന്ന പള്ളിയിലേക്ക് തെന്നി സിനിമ അവസാനിക്കുന്നു.

മുറ്റത്തെ വരിക്കപ്ലാവും മകൻ സത്താറും തമ്മിലുള്ള അതിസൂക്ഷ്മമായ ഒരു സമീകരണം സംവിധായകൻ സാധ്യമാക്കുന്നത് "മുത്തോലക്കുന്നത്തെ, പച്ചോല തത്തമ്മ" എന്ന ഗാനത്തെ രണ്ടായി പകുത്ത് സിനിമയിൽ ഉപയോഗിച്ചുകൊണ്ടാണ്. ഇതിന്റെ ആദ്യഭാഗം ആയിശുമ്മ മകനെ ബാല്യത്തിൽ പുന്നാരിക്കുന്ന രംഗത്തും, ബാക്കി വിറ്റ പ്ലാവിന്റെ അകം പൊള്ളയാണെന്നറിഞ്ഞ്, ജീവിതസ്വപ്നം പൊലിഞ്ഞ്, തകർന്നിരിക്കുന്ന അബുവിന്റെയും ആയിശുമ്മയുടെയും അസ്വസ്ഥ രാത്രിയിലുമാണ്. തന്റെ മകൻ സത്താർ സത്തയറ്റ ഒരു ജന്മമാണെന്ന് ട്രാവൽസ് മാനേജർ അഷ്റഫിനോട് പറയുന്ന വാചകം, "വെള്ളമൊഴിച്ചുംവളമിട്ടും ഒരുപാട് വളർന്നാലറിയാം (ചില മക്കൾ) ഉള്ളു പൊള്ളയാണെന്ന്" പ്രകൃതിബിംബം സമർത്ഥമായി നിറഞ്ഞതാണ്.

ഒരു തവണ ഹജ്ജ് ചെയ്യാനായി പെടാപാട് പെടുന്ന അബുവിന് മറുപുറമായി മകൻ കാസിമിന്റെ തണലിൽ ജീവിതം ആഘോഷിക്കുന്ന, ചുട് കാരണം രണ്ട് ദിവസം മുമ്പ് മാത്രം നാലാമതായി ഹജ്ജിനെത്താൻ 'ഹജ്ജ് ടൂറി'ൽ പേര് രജിസ്റ്റർ ചെയ്യുന്ന മാളിയേക്കൽ ഹസ്സനാർ ഹാജിയെന്ന മുഖ്യധാരാ കഥാപാത്രവുമുണ്ട്. ഹജ്ജിന് പോകാൻ കഠിനമായി ആഗ്രഹിച്ച് ജീവിതലക്ഷ്യം സാക്ഷാത്കരിക്കാനാവാത്ത ഒരു സാധാരണക്കാരന്റെ കരളലിയിപ്പിക്കുന്ന കഥ എന്നതിലുപരി മനുഷ്യർ പ്രകൃതിയിൽ ഏൽപ്പിക്കുന്ന പരിക്കുകൾക്ക് പ്രായശ്ചിത്തമായി നടലും നനയ്ക്കലുമാണ് അത്രത്തോളം തന്നെ പുണ്യമുള്ള കർമ്മമെന്ന കാർഷികസംസ്കാര



ഷുസെ സാരമാഗു

## നിരക്ഷരനായ മുത്തച്ഛനിൽ നിന്നും സാരമാഗു ഉൾക്കൊണ്ടപോലെ ഈ സാധാരണ മനുഷ്യൻ പഠിപ്പിക്കുന്ന ഹരിതദർശനം ഉൾക്കൊള്ളാൻ നമ്മുടെ സാക്ഷരതക്കാവുമോ

ത്തിന്റെ അടിസ്ഥാന ബിംബം മുന്നോട്ടുവെച്ചതാണ് ഈ സിനിമയുടെ ഗൂഢസൗന്ദര്യത്തിനടിസ്ഥാനം.

സിനിമയിലെ പ്രധാന സാന്നിധ്യങ്ങളിൽ ഒന്ന് നിറഞ്ഞ പച്ചപ്പാണെന്നതും മനുഷ്യനോടൊപ്പം നായയും പട്ടിയും പശുവും കോഴിയും പ്രാവിന്റെ കുറുകലും കിളികൂജനവും നിറഞ്ഞ ഗ്രാമീണ ഹരിതാഭയാണെന്നതും അതിന്റെ ആന്തരികദർശനത്തിന് ബലം നൽകുന്നു. കൂടാതെ വർത്തമാനകാല വിശ്വാസ പദാവലിയിൽ അന്ധവിശ്വാസമായി, യുക്തിഭദ്രതയുടെ വിവേചനങ്ങൾകൊണ്ട് തിരിച്ചറിയപ്പെടാനാവാത്ത അരികു കഥാപാത്രമായി വരുന്ന ഉസ്താദിന്റെ സാന്നിദ്ധ്യം തികച്ചും കാവ്യാത്മകമായി സിനിമയിലേക്ക് സന്നിവേശിപ്പിക്കുന്നതിൽ കാണിച്ച കയ്യടക്കം കാഴ്ചയുടെ ഒരു ഗൂഢലാവണ്യതലം ഒരുക്കിയിട്ടുണ്ട്. ഉസ്താദിന്റെ മരണശേഷം പൊരുത്തം വാങ്ങിക്കാനും യാത്ര പറയാനുമായി സായംസന്ധ്യയിൽ അദ്ദേഹത്തിന്റെ സാന്നിദ്ധ്യം സൂചിപ്പിക്കുന്ന കുന്നിൻചെരുവിലെ മരച്ചുവട്ടിൽ എത്തുന്ന അബുവിന്റെ പ്രാർത്ഥനകൾക്കും ഉദ്വേഗങ്ങൾക്കും പ്രതികരണമെന്നോണം തലയാട്ടുന്ന പുൽക്കൂട്ടങ്ങളും തലോടുന്ന മാരുതനും ഈ രണ്ടു ദർശനങ്ങളുടെ (മിസ്റ്റിക്-ഹരിത) സിനിമയിലെ പാരസ്പര്യത്തെ അടിവരയിടുന്നുണ്ട്. നാട്ടിൻപുറത്തിന്റെ ഗുണങ്ങൾ പേറുന്ന ഹൈദരും, അബുവിന് മറുപുറമായി (foil) എല്ലാത്തിലും കച്ചവടം കാണുന്ന ഹാജിയാരും

.ശേഷം പേജ് 9 ൽ

# ലോകത്തിന് കുടിവെള്ള റിയാൻ എന്ന വിദ്യാർത്ഥി

അബ്ദുള്ളക്കുട്ടി എടവണ്ണ


റിയാൻ

**ചില്ലറത്തുട്ടുകൊണ്ട് തുടങ്ങിയ ഒരൊറ്റ കുഴൽക്കിണറിൽ നിന്ന്, പതിനാറോളം രാജ്യങ്ങളിൽ ഏഴേകാൽ ലക്ഷത്തിൽപരം ആളുകൾക്ക് കുടിവെള്ളമെത്തിക്കുന്ന റിയാൻസ് വെൽ ഫൗണ്ടേഷന്റെ മഹാനായ നേതാവാണിന്ന് റിയാൻ.**

റിയാനെ ഓർമ്മയില്ലേ? കാനഡയിലെ ഒന്നാം ക്ലാസ് വിദ്യാർത്ഥിയായിരിക്കുമ്പോൾ ചില്ലറത്തുട്ടുകൾ സമാഹരിച്ച് ആഫ്രിക്കൻ രാജ്യമായ ഉഗാണ്ടയിലേക്ക് കുഴൽക്കിണർ നിർമ്മിക്കാൻ അയച്ചുകൊടുത്ത റിയാൻ എന്ന കൊച്ചുബാലൻ. അന്നത്തെ കൊച്ചുറിയാൻ ഇന്ന് അമേരിക്കയിലെ ഹാലിഫാക്സിലെ യൂണിവേഴ്സിറ്റി ഓഫ് കിങ്സ് കോളേജിൽ ബിരുദവിദ്യാർത്ഥി. ചില്ലറത്തുട്ടുകൊണ്ട് തുടങ്ങിയ ഒരൊറ്റ കുഴൽക്കിണറിൽ നിന്ന്, പതിനാറോളം രാജ്യങ്ങളിൽ ഏഴേകാൽ ലക്ഷത്തിൽപരം ആളുകൾക്ക് കുടിവെള്ളമെത്തിക്കുന്ന റിയാൻസ് വെൽ ഫൗണ്ടേഷന്റെ മഹാനായ നേതാവാണിന്ന് റിയാൻ.

ഭൂമിയിലെ എല്ലാ മനുഷ്യർക്കും ശുദ്ധജലം വേണം. ഏതൊരാൾക്കും മറ്റുള്ളവരെ സഹായിക്കാൻ കഴിയും. എല്ലാവർക്കും മാറ്റമുണ്ടാക്കാനും കഴിയും. റിയാന്റെ ജീവിതം ലോകത്തെ പഠിപ്പിക്കുന്നത് ഇതു മാത്രമല്ല. ഒരു ചെറിയ കാര്യത്തിൽപോലും കുട്ടികളിൽ പ്രചോദനം ഉണർത്താൻ ഒരു നല്ല അദ്ധ്യാപികയ്ക്ക് കഴിയും. ചെറിയ കാര്യങ്ങളിലൂടെ മഹത്തരമായ കാര്യങ്ങളിലേക്ക് വളരാൻ ഏതു കുട്ടികൾക്കും കഴിയും. റിയാന്റെ പ്രവർത്തനങ്ങൾ ലോകത്തോട് പറഞ്ഞുകൊണ്ടേയിരിക്കുന്നത് ഇതൊക്കെയല്ലേ?

ഗ്രേഡ് വൺ ക്ലാസിൽ പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ മിസ്സിസ് പ്രസ്റ്റ് എന്ന അദ്ധ്യാപിക കുടിവെള്ളം കിട്ടാതെ മരിക്കുന്നവരെ പറ്റി സാന്ദർഭികമായി പറഞ്ഞപ്പോൾ മുമ്പിലിരുന്ന കൊച്ചുറിയാന്റെ മനസ്സിൽ വലിയ ഓളങ്ങൾ സൃഷ്ടിക്കുകയാണ് അതെന്ന് അറിഞ്ഞിരുന്നില്ല. ചില വാക്കുകൾ അങ്ങനെയാണ്. വിതക്കപ്പെട്ട വിത്തുകളെപ്പോലെ അവ മുളപൊട്ടി വളർന്ന് പൂവും കായുമുണ്ടാകും.

റിയാൻ വെറുതെയിരുന്നില്ല. ചെറിയ വീട്ടുജോലികൾ ചെയ്ത് പോക്കറ്റ്മണി സൂക്ഷിച്ച് വെച്ച് കുടുക്കയിലിട്ട് പണം വളർത്തി. എഴുപതു ഡോളർ ഇങ്ങനെ നാലുമാസം കൊണ്ടുണ്ടാക്കി. ടീച്ചറുടെ സഹായത്തോടെ കുടിവെള്ളം കിട്ടാതെ മരിക്കുന്ന ഉഗാണ്ടയിലേക്ക് അയച്ചുകൊടുത്തു. അവന്റെ ജീവിതത്തെ ഉദാത്തമായ വഴികളിലൂടെ തിരിച്ചുവിടുകയായിരുന്നു ആ സംഭവം. ഉഗാണ്ടൻ സർക്കാരിന്റെ ക്ഷണം കിട്ടി കുഴൽക്കിണർ ഉദ്ഘാടനത്തിന് റിയാൻ എന്ന ബാലൻ ആഫ്രിക്കയിലെത്തുന്നു. അവിടെനിന്ന് ലഭിച്ച ആവേശകരമായ വരവേൽപ്പല്ല റിയാനെ സ്വാധീനിച്ചത്. തന്റെ ഒരു കുഴൽക്കിണർ കൊണ്ട് ഒന്നുമാകില്ല. അവിടെ മാത്രമല്ല, ഭൂമിയിൽ കുടിവെള്ളം കിട്ടാത്തവർ ആയിരക്കണക്കിനുണ്ട്. അവർക്കെല്ലാം കുടിവെള്ളമെത്തിക്കാൻ എന്തുചെയ്യാൻ പറ്റും?

റിയാൻ കൂട്ടുകാരോടും അയൽക്കാരോടും തന്റെ ആഗ്രഹങ്ങൾ, ചിന്തകൾ പങ്കുവെയ്ക്കുന്നു. അങ്ങനെ 2001 ൽ 'റിയാൻസ് വെൽ ഫൗണ്ടേഷൻ' രൂപംകൊണ്ടു.

ഇന്ന് കുടിവെള്ളത്തിനും സാനിറ്റേഷനും വേണ്ടി ദരിദ്ര രാജ്യങ്ങൾക്ക് സഹായമെത്തിക്കുന്ന ബൃഹത്തായ ഒരു സംരംഭമായി അതു വളർന്നിരിക്കുന്നു. പതിനാറ് രാജ്യങ്ങളിലായി 660 പ്രൊജക്ടുകൾ അവർ നടപ്പിലാക്കുന്നുണ്ട്. മുപ്പതു രാജ്യങ്ങളിലെ 650 ഓളം സ്കൂളുകളിൽ തന്റെ സന്ദേശമെത്തിച്ചിട്ടുണ്ട് റിയാൻ. ലോകത്തിന്റെ പല ഭാഗത്തുനിന്നും റിയാൻസ് വെൽ ഫൗണ്ടേഷന്റെ അംബാസിഡർമാരാകാൻ താല്പര്യം പ്രകടിപ്പിച്ച് ആയിരക്കണക്കിന് കുട്ടികൾ റിയാന് ഇ-മെയിൽ അയക്കുന്നു.

രണ്ട് ഡസനോളം രാജ്യങ്ങൾ സന്ദർശിച്ച് റിയാൻ കുടിവെള്ള സന്ദേശം എത്തിച്ചു. തന്റെ പദ്ധതിക്ക് പിന്തുണ തേടി.

റിയാന്റെ പ്രവർത്തനങ്ങളിൽ സന്തത സഹചാരിയായി, ഇന്നും ആ നീഗ്രോ യുവാവുണ്ട്. ജിമ്മി! ജിമ്മിയും റിയാനും ആദ്യമായി കണ്ടുമുട്ടുന്നത് ഉഗാണ്ടയിലെ കുഴൽക്കിണർ ഉദ്ഘാടനത്തിന് അതിഥിയായി റിയാൻ എത്തുമ്പോഴാണ്. അന്ന് റിയാന്റെ പണമുപയോഗിച്ച് കുഴൽക്കിണർ നിർമ്മിച്ചുകിട്ടിയ സ്കൂളിലെ വിദ്യാർത്ഥിയായിരുന്നു ജിമ്മി. അവർ പിന്നീട് തൂലികാസുഹൃത്തുക്കളായി. പിന്നീട്, ഉഗാണ്ടയിലെ ആഭ്യന്തര കലാപത്തിൽ മാതാപിതാക്കൾ നഷ്ടപ്പെട്ട് ദുരിതത്തിന്റെ കുത്തൊഴുക്കിൽ പെട്ട് അനാഥനായി എവിടെയൊക്കെയോ ചെന്നെത്തുകയായിരുന്നു ജിമ്മി. കലാപകാരികളുടെ സൈനിക സംഘത്തിൽ നിന്ന് രക്ഷപ്പെട്ട ആ നീഗ്രോ യുവാവിന് ഭൂമിയിൽ തന്നെ സഹായിക്കാൻ ഇനി അമേരിക്കക്കാരൻ റിയാൻ എന്ന കൂട്ടുകാരൻ മാത്രമേ ഉണ്ടാകൂ എന്ന് തോന്നി. ജിമ്മിയുടെ അവസ്ഥകൾ അറിഞ്ഞ റിയാൻ തന്റെ കുടുംബത്തിന്റെ സഹായത്തോടെ ഏറെ പണിപ്പെട്ട്, നിയമത്തിന്റെയും സാങ്കേതികത്വത്തിന്റെയും നൂലാമാലകൾ അഴിച്ച് ഉഗാണ്ടയിൽ നിന്ന് കാനഡയിലേക്ക് എത്തിക്കുകയായിരുന്നു. ജിമ്മി ഇന്ന് റിയാൻ കുടുംബത്തിലെ അംഗമാണ്. റിയാന്റെ പ്രവർത്തനപദ്ധതികളിലെ സഹചാരിയും. വൻകരകളുടെ അതിരുകൾക്കപ്പുറം വളർന്ന സൗഹൃദത്തിന്റെ ആവേശകരമായ ഒരു കഥ!

നിരവധി പുരസ്കാരങ്ങളും അംഗീകാരങ്ങളും തേടിയെത്തുമ്പോഴും ലോകമാധ്യമങ്ങളിൽ തന്റെ സേവനങ്ങളെ പറ്റി വാർത്തകൾ വരുമ്പോഴും റിയാൻ ഇപ്പോഴും ലജ്ജാലുവായ വിദ്യാർത്ഥി തന്നെ.

ഏതൊരു കൊച്ചുകുട്ടിക്കും സ്വജീവിതം കൊണ്ട് ചെറിയ പ്രവർത്തികളിലൂടെ വലിയ മാറ്റങ്ങളുടെ ചാലകശക്തിയാകാം എന്ന് റിയാൻ തെളിയിച്ചുകൊണ്ടേയിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക്: ലിറ്റിൽ മാസിക ലക്കം 101, 102, വെബ്സൈറ്റ്: www.ryanswell.ca



വായനശാലയായി ശാപമോക്ഷം നേടിയ ഒരു കള്ള്ഷാപ്പ് നാട്ടിൽ വഴിവിളക്കാകുമ്പോൾ...

# മാനസാന്തരം വന്ന കള്ള്ഷാപ്പ്

നൗഷാദ് ചാത്തല്ലൂർ

വർഷങ്ങളായി മലപ്പുറം ജില്ലയിലെ ചോക്കാട് പഞ്ചായത്തിൽ കാളികാവിനടുത്ത് വെള്ളപ്പൊയിലിൽ പ്രവർത്തിച്ചിരുന്ന കള്ള്ഷാപ്പ് ഇപ്പോൾ വായനശാലയാണ്. ഈ ഷാപ്പിൽ നിന്ന് കള്ള് വീശി ശീലമാക്കിയവർക്ക് താൻ ഇരുന്നുകുടിച്ച അതേ ബെഞ്ചിലിരുന്ന് മനസ്സിന് വെളിച്ചം വീശുന്ന വായന ഉൾക്കൊള്ളാനാവുമോ? പഴയ ഓർമ്മയിൽ വെറുതെ കയറുന്നവരിൽ ചിലരെങ്കിലും വായനയുടെ ലഹരിക്ക് അടിമപ്പെട്ടിട്ടുണ്ടാവുമോ?

1967 ൽ ആരംഭിച്ച ഷാപ്പ് മെയിൻ റോഡിനോട് ചേർന്നാണ് സ്ഥിതി ചെയ്തിരുന്നത്. വാഹനം നിർത്തി പെട്ടെന്ന് രണ്ടെണ്ണം വീശി സ്ഥലം വിടാൻ എന്തുകൊണ്ടും സൗകര്യം. ഈ സൗകര്യം ഇനി പുസ്തക പ്രേമികൾക്കും അനുഭവിക്കാം.

നാട്ടുകാർ ഈ ഷാപ്പിനെ വെറുപ്പോടെയാണ് കണ്ടിരുന്നത്. മായം ചേർത്ത വിഷക്കള്ളാണിവിടെ വിളമ്പിയിരുന്നതത്രേ! ഒരുപാടു യുവാക്കൾ വഴിതെറ്റാനും കുടുംബങ്ങൾ പട്ടിണിയിലാവാനും കാരണമായെന്നുപറഞ്ഞാണ് നാട്ടുകാര് വെറുപ്പിന്റെ വീര്യംകൂട്ടിയത്. ദൂരെ ദിക്കിൽ നിന്നുപോലും ആളുകൾ ഇവിടെയെത്തിയിരുന്നു. വന്നു കുടിക്കുന്നതും പോരാഞ്ഞിട്ട് പാർസലും വാങ്ങിപ്പോയി മറ്റുള്ളവരെയും മത്തരാക്കുകയായിരുന്നു. ഇവിടെ നിന്നും കുടിച്ചുവളർന്നവർ വലിയ വലിയ കുടിയൻമാരായി നാടിന്റെ വിവിധ ഭാഗങ്ങളിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്നുണ്ടെന്നും നാട്ടുകാർ പറയുന്നു. പ്രദേശത്തെ മിക്ക കുടിയൻമാരുടെയും കുടിയുടെ എഴുത്തിനിരുത്ത് അരങ്ങേറിയ ഷാപ്പിന്റെ പ്രതാപകാലം അവസാനിക്കുന്നത് മലപ്പുറം ജില്ലയിലെ തന്നെ കുറ്റിപ്പുറം, വാണിയമ്പലം മദ്യദുരന്തങ്ങളോടെയാണ്. മറ്റെല്ലായിടത്തുമെന്നപോലെ ഇവിടെയും പൊതുജന പ്രതിഷേധം നുരഞ്ഞുപൊന്തി. തൽക്കാലത്തേക്ക് ഷാപ്പ് അടച്ചിട്ടു. ഷാപ്പ് നടത്തിപ്പുകാരും ജീവനക്കാരും മറ്റു തൊഴിലുകളിലേക്ക് കളം മാറ്റി.

അങ്ങനെയിരിക്കെ പെട്ടെന്നൊരു ദിവസം ഷാപ്പ് പ്രവർത്തിച്ചിരുന്ന കെട്ടിടം പെയിന്റടിച്ച്, വൃത്തിയാക്കുന്നതാണ് നാട്ടുകാർ കണ്ടത്. ഷാപ്പ് വീണ്ടും തുറക്കുകയാണെന്ന് കരുതിയ നാട്ടുകാരെ അത്ഭുതപ്പെടുത്തി അവിടെ ഒരു ബോർഡ് തൂങ്ങി നവോദയ വായനശാല. പഴയ ഷാപ്പ് ഒരു വായനശാലയായി ശാപമോക്ഷം നേടുകയായിരുന്നു. കെട്ടിടം വാടകയ്ക്കെടുത്ത സ്ഥലത്തെ അഞ്ചു ചെറുപ്പക്കാരാണ് പുതിയ വീഞ്ഞ് പുതിയ കുപ്പിയിലാക്കിയതിനു പിന്നിൽ. വായനശാലയുടെ പ്രസിഡന്റായി ശിവപ്രസാദും, സെക്രട്ടറിയായ പ്രകാശനും അംഗങ്ങളായി അനീഷ്, ശ്രീനി, വിനീത് എന്നിവർ വായനശാലയ്ക്ക് നേതൃത്വം നൽകുന്നു. ടാപ്പിംഗ് തൊഴിലാളികളും ഡ്രൈവർമാരുമൊക്കെയാണിവർ. വായനയുടെ വീര്യം വിളമ്പാൻ തുനിഞ്ഞിറങ്ങിയ ഇവരെക്കുറിച്ച് നാട്ടുകാർക്ക് നല്ലതേ പറയാനുള്ളൂ. കെട്ടിടം പെയിന്റടിച്ചു. ഷാപ്പിൽ ഉപയോഗിച്ചിരുന്ന ബെഞ്ചും ഡെസ്കും റിപ്പയർ ചെയ്തു മിനുക്കിയെടുത്തു. വർത്തമാനപത്രങ്ങൾ വരുത്താൻ തുടങ്ങി.

അങ്ങനെ മാനസാന്തരം വന്ന മദ്യപാനിയെപ്പോലെ നവോദയ വായനശാല നാട്ടിൽ വഴിവിളക്കാവുകയാണ്. വായനശാലയിലേക്ക് പുസ്തകങ്ങൾ സംഘടിപ്പിക്കുന്ന തിരക്കിലാണ് സംഘാടകരിപ്പോൾ. ചുരുങ്ങിയത് ആയിരം പുസ്തകങ്ങളെങ്കിലും ഉണ്ടെങ്കിലേ അംഗീകാരം കിട്ടൂ. അതിനാൽ പഴയ പുസ്തകശേഖരത്തിൽ നിന്ന് കുറച്ച് പുസ്തകം സംഭാവന ചെയ്യാൻ തയ്യാറുള്ള സുമനസ്സുകളെ തേടുകയാണ് വായനശാലാ പ്രവർത്തകർ. പഴയകാല ജീവിതത്തിന്റെ കറുത്ത ദിനങ്ങൾ മറന്ന് പുതിയ ഒരു ജീവിതം സ്വപ്നം കാണുന്ന ഈ പഴയ കള്ളുഷാപ്പിലേക്ക് ഇനി ആർക്കും ധൈര്യമായി കടന്നുവരാം. വായനയുടെ പുതിയ ലഹരികൾ നിങ്ങളെ കാത്തിരിക്കുന്നുണ്ടിവിടെ. പുസ്തകങ്ങൾ സംഭാവന ചെയ്യാൻ താല്പര്യമുള്ള സുഹൃത്തുക്കൾ ബന്ധപ്പെടാൻ വായനശാല പ്രവർത്തകർ അഭ്യർത്ഥിക്കുന്നു.

*വിലാസം: നവോദയ വായനശാല, വെള്ളപ്പൊയിൽ, അമ്പലക്കടവ്. പി.ഒ., കാളികാവ്, മലപ്പുറം-676525*

ഫോൺ-9745426463

പേജ് 7 ൽ നിന്ന് തുടർച്ച **ആദാമിന്റെ മകൻ**

അബുവിന്റെ ഈ ദർശനങ്ങൾക്ക് പശ്ചാത്തലമായി വർത്തിക്കുന്നുണ്ട്. ബാഹ്യമായ അതിലാളിത്യത്തിനകത്ത് അഗാധവും വിശാലവുമായ ഹരിതദർശനത്തിന്റെ ഒരു പ്രപഞ്ച വീക്ഷണം നിറച്ചതിന് സംവിധായകൻ അഹമ്മദ് സലീം നമ്മുടെ പ്രശംസ അർഹിക്കുന്നുണ്ട്.

ഈ കാലത്തോട് പകരാനുള്ള ഏറ്റവും മനോഹരമായ അദ്ധ്യായമാണ് ആദാമിന്റെ മകൻ അബു എന്ന മനുഷ്യപുത്രൻ നമ്മെ പഠിപ്പിക്കുന്നത്. അതുകൊണ്ടുതന്നെയാണ് ഇത് കഴിഞ്ഞ വർഷത്തെ ഇന്ത്യൻ സിനിമയിലെ തന്നെ ഏറ്റവും നല്ല സിനിമയാകുന്നതും. നിരക്ഷരനായ മുത്തച്ഛനിൽ നിന്നും സാരമാഗു ഉൾക്കൊണ്ടപോലെ ഈ സാധാരണ മനുഷ്യൻ പഠിപ്പിക്കുന്ന ഹരിതദർശനം ഉൾക്കൊള്ളാൻ നമ്മുടെ സാക്ഷരതക്കാവുമോ എന്നത് ഒരു ജനത എന്ന നിലയ്ക്കുള്ള നമ്മുടെ പാരിസ്ഥിക ബോധത്തിന്റെ കൂടി സൂചകം കൂടിയായിരിക്കും.

## SMS കാർട്ടൂൺ

### ടിന്റുമോൻ

ടിന്റുമോൻ ബൈക്കുമായി പെട്രോൾ പമ്പിൽ

*"പത്തു രൂപയ്ക്ക് പെട്രോൾ സ്പ്രെ ചെയ്താൽമതി. ബൈക്ക് കത്തിച്ച് കളയാനാ...."*



*SMS അയച്ചു തന്നത്- സിന്ധു രാജേന്ദ്രൻ,കൊച്ചി*


ജീവിതത്തിന്റെ



ലളിതപാഠങ്ങൾ

# ബഷീറിന്റെ കുടഞ്ഞുകളയൽ

അക്കു



**ബഷീർ ശരിക്കും ഞങ്ങളെ കുടഞ്ഞുകളയുകയായിരുന്നു. ശുദ്ധീകരിക്കുകയായിരുന്നു.**

വൈക്കം മുഹമ്മദ് ബഷീറിനെ കാണാനുള്ള മോഹം ഏറെയുണ്ടായിരുന്നു. കൊച്ചുകുട്ടികൾ പോലും ചെന്നാൽ സന്തോഷപൂർവ്വം സ്വീകരിച്ച് കുശലം പറഞ്ഞ് പൊട്ടിച്ചിരിക്കുന്ന ബഷീറിനെക്കുറിച്ചുള്ള വാർത്തകളും ചിത്രങ്ങളും കാണുമ്പോൾ ഒരിക്കൽ ബേപ്പൂരിലെ വീട്ടിലേക്ക് കയറിച്ചെന്നാലെന്താണെന്നൊരു തോന്നലുണ്ടായി.

എല്ലാവർക്കും ഹൃദയംകൊണ്ട് സമീപിക്കാവുന്ന എഴുത്തുകാരൻ എന്നതിനപ്പുറം ആർക്കും നേരിൽച്ചെന്ന് കാണാനും സൊറപറയാനും മുഷിപ്പില്ലാതെ ഇരുന്നുകൊടുക്കാനും തയ്യാറായ ഒരു സാഹിത്യകാരൻ ലോകത്തുതന്നെ വേറെ ഉണ്ടാവില്ല. പല എഴുത്തുകാരെയും കാണാൻ പോയതിന്റെ അനുഭവകഥകൾ ഒരുപാടു വായിച്ചതാണല്ലോ. എഴുത്തിനേക്കാൾ ഒരുപാട് ചെറുതായിരുന്നു അവരിൽ പലരുടെയും മനസ്സ്.

ബഷീറും കുടുംബവും വീടും എല്ലാം സഹൃദയർക്ക് സുപരിചിതമായത് ആ എഴുത്തിലൂടെ മാത്രമല്ല. തുറന്നുവെച്ച ആ ഹൃദയത്തിന്റെ വലുപ്പംകൊണ്ടു കൂടിയായിരുന്നു. ബഷീറിന്റെ കുടുംബത്തെ അറിയാവുന്ന പോലെ ഏതെങ്കിലുമൊരെഴുത്തുകാരന്റെ കുടുംബത്തെ മലയാളിക്ക് പരിചയമുണ്ടാകുമോ?

ബഷീർ എല്ലായ്പ്പോഴും കുടുംബത്തോടൊപ്പമായിരുന്നു. ഏറെക്കാലം ഏകാന്തവീഥിയിൽ അവധൂതനായി അലഞ്ഞതുകൊണ്ടായിരിക്കുമോ അദ്ദേഹം കുടുംബത്തെ ഇത്രമേൽ പ്രണയിച്ചത്?

ഭാര്യയും മക്കളുമടങ്ങുന്ന കുടുംബത്തെ പ്രപഞ്ചമായി കണ്ട് സ്നേഹിച്ചാൽ മതിയല്ലോ എന്നുപറഞ്ഞപ്പോൾ, അത്രയ്ക്ക് ചെറുതാകാൻ വയ്യ എന്നാണല്ലോ ബഷീർ പറഞ്ഞത്. പ്രപഞ്ചം തന്നെയായിരുന്നു അദ്ദേഹത്തിന് കുടുംബം.

ബഷീറിനെ കാണാൻ ചെല്ലുമ്പോൾ ഇങ്ങനെയുള്ള ധാരണകളൊന്നും വളർന്നിരുന്നില്ല. വായിച്ചാസ്വദിച്ച് കഥകൾ പറഞ്ഞ ബഷീറിനെ നേരിൽ കണ്ടു എന്ന അനുഭവം എനിക്കും ഉണ്ടാകണം. അത്രതന്നെ! സത്യത്തിൽ വേദിയിലിരിക്കുന്ന ബഷീറിനെ ഒന്നുരണ്ടുതവണ കണ്ടിട്ടുണ്ട്. പക്ഷേ എനിക്കായി മാത്രം ബഷീർ ഒന്നു മുമ്പിലിരുന്നു തരണം. അല്പസമയത്തേക്കെങ്കിലും. അതായിരുന്നു മോഹം.

അങ്ങനെയാണ് ഒരു മുന്നറിയിപ്പ് പോലും നൽകാതെ രാവിലെ ബേപ്പൂരിലേക്ക് ബസ്സ് കയറുന്നത്. കൂടെ മികച്ചൊരു ബഷീർ വായനക്കാരനായ സുഹൃത്ത് ഗിരീഷും കൂടി.

ബസ്സിറങ്ങി വൈലാലിൽ വീട്ടിലേക്കുള്ള വഴി കണ്ടുപിടിച്ച് ഇടവഴിയിലൂടെ നടക്കുമ്പോൾ കാഴ്ചകളെല്ലാം സുപരിചിതമായി തോന്നിയിരുന്നു. മണൽ കലർന്ന മണ്ണുള്ള പുരയിടത്തിലെ വൈലാലിന്റെ ഗെയ്റ്റ് തുറക്കുമ്പോൾ ഭൂമിയുടെ അവകാശികൾ ആയിരുന്നു മനസ്സിൽ. സ്ഥിരം ഫോട്ടോയിൽ കാണുന്ന പോസിൽ വീടിന്റെ തിണ്ണയിൽ ഇരിക്കുന്ന ബഷീർ. ഗെയ്റ്റ് തുറന്ന ശബ്ദം കേട്ട് അദ്ദേഹം തലയുയർത്തി നോക്കി. ഞങ്ങളെ ഗൗനിക്കാതെ പത്രവായനയിലേക്ക് മുഖം താഴ്ത്തി. ഞങ്ങൾ അടുത്തുചെന്ന് മുറ്റത്തുനിന്ന് ഒന്ന് മുരടനക്കി ശ്രദ്ധ ക്ഷണിക്കാൻ നോക്കി. നോക്കുന്നേയില്ല. ആളു വായനയിൽ തന്നെ! ആകെക്കൂടി ഒരു ജാള്യത തോന്നി. വലിഞ്ഞുകയറി വന്നവരെപ്പോലെ ( അങ്ങനെത്തന്നെയായിരുന്നല്ലോ) ഞങ്ങളങ്ങനെ നിന്നു. ഒടുവിൽ ഞാൻ ഉറക്കെ പറഞ്ഞു. "ഞങ്ങൾ നിങ്ങളെ കാണാൻ വേണ്ടി വന്നതാ....." ബഷീർ തലയുയർത്തിനോക്കി. "ങ്ഹാ.. കണ്ടില്ലേ?" അത്രേയുള്ളൂ മറുപടി. കണ്ടല്ലോ ഇനി പോകാം എന്നാണോ അർത്ഥം? "ഞങ്ങൾ എടവണ്ണയിൽ നിന്നു വരുന്നു.." ഭവ്യതയോടെ പറഞ്ഞു. ചിരിച്ചുകൊണ്ട് "കേറിവാ" എന്നദ്ദേഹം പറഞ്ഞപ്പോൾ സന്തോഷത്തോടെ കോലായിലേക്ക് കയറി മഹാനായ എഴുത്തുകാരന്റെ മുമ്പിൽ ആരാധനാഭാവത്തിൽ ഞങ്ങളിരുന്നു. അദ്ദേഹം വീണ്ടും പത്രവായനയിൽ തന്നെ. മിക്ക മലയാളപത്രങ്ങളും മുമ്പിലുണ്ട്. ഞങ്ങളും മുമ്പിലിരിക്കുന്നു. ഞങ്ങളെ ശ്രദ്ധിക്കുന്നില്ല. എന്തെങ്കിലുമൊന്നു മിണ്ടണ്ടേ എന്നു കരുതിയാവും ഗിരീഷ് ചോദിച്ചു. "പത്രം വായന തുടങ്ങീട്ട് കുറേ നേരം ആയോ?" അദ്ദേഹമൊന്നു നോക്കി. പിന്നെ പറഞ്ഞു. "ങ്ഹാ.. ഒരു പത്തറുപതു കൊല്ലായിട്ടുണ്ടാകും!" ഉത്തരം കേട്ട് അന്തം വിട്ടുപോയ ഗിരീഷ് എന്നെ നോക്കി. എന്തു പറയാനാണ്?

ബഷീർ വീണ്ടും പത്രവായനയിൽ തന്നെ എന്തെങ്കിലുമൊന്നു സംസാരിക്കുക തന്നെ. ഞാൻ പറഞ്ഞു. "ഞാനൊരു പാരലൽ കോളേജിൽ പഠിപ്പിക്കുന്നു. കുട്ടികളെ അങ്ങയുടെ കഥ പഠിപ്പിക്കുന്ന സമയത്ത് മറ്റു പല കഥകളും വായിച്ചുകൊടുത്തിരുന്നു. ആ സമയത്ത് ബഷീറിനോട് ചോദിക്കേണ്ട ചില സംശയങ്ങൾ അവർ എന്നോട് ചോദിച്ചു". അതെന്താണെന്ന ഭാവത്തിൽ അദ്ദേഹം എന്നെ നോക്കി മന്ദഹസിച്ചു. "ഈ ചോദ്യങ്ങൾ എനിക്ക് അങ്ങയോട് ചോദിക്കാനുണ്ടായിരുന്നു..." അദ്ദേഹം ചോദിക്കാൻ പറഞ്ഞത് എനിക്ക് ധൈര്യമായി. ചോദ്യം നമ്പർ ഒന്ന്. ഞാൻ ചോദിച്ചു തുടങ്ങി. "ബഷീറിന്റെ ജന്മദിനം എന്ന കഥ വായിച്ചപ്പോൾ കുട്ടികൾ ചോദിച്ചിരുന്നു, ദാരിദ്ര്യം പിടിച്ച ഒരു ജന്മദിനമാണല്ലോ. ഈ കഥയിൽ ബഷീറിന്റേത്. എന്നാൽ ഇപ്പോൾ എങ്ങനെയാണ് ബഷീറിന്റെ ജന്മദിനം?" ചോദ്യം കേട്ട് അദ്ദേഹം എന്നെ ഒന്നു നോക്കി. പിന്നെ ഒച്ചയുണ്ടാക്കിക്കൊണ്ട് കഫം വലിച്ചെടുത്ത് കാർക്കിച്ച് നീട്ടിയൊരു

**ബഷീർ എല്ലായ്പ്പോഴും കുടുംബത്തോടൊപ്പമായിരുന്നു. ഏറെക്കാലം ഏകാന്തവീഥിയിൽ അവധൂതനായി അലഞ്ഞതുകൊണ്ടായിരിക്കുമോ അദ്ദേഹം കുടുംബത്തെ ഇത്രമേൽ പ്രണയിച്ചത്?**

# വലിയ കാര്യങ്ങൾ ചെയ്യാൻ കഴിയാതെ വന്നാൽ ചെറിയ കാര്യങ്ങളെങ്കിലും ചെയ്യാം

*ലിമ ഫീച്ചേഴ്സ്*

*"മഹത്തായ കാര്യങ്ങൾ ചെയ്യാൻ നമ്മളിൽ പലർക്കും കഴിയുകയില്ല.*
*പക്ഷേ, ചെറിയ കാര്യങ്ങൾ വലിയ സ്നേഹത്തോടെ ചെയ്യാൻ നമുക്കെല്ലാം കഴിയും."*

– മദർതെരേസ

പലർക്കും വലിയ കാര്യങ്ങൾ എപ്പോഴും ചെയ്യാൻ കഴിഞ്ഞു എന്നു വരില്ല. പല കാരണങ്ങൾ അതിനുണ്ടാവാം. സാഹചര്യം അനുകൂലമല്ലാതെ വരാം, ക്ഷീണാവസ്ഥയാവാം, കാലാവസ്ഥ അനുകൂലമല്ലാത്തതാവാം..... അങ്ങനെ കാരണങ്ങൾ പലതുമാവാം. പക്ഷേ മടുത്തു പിൻമാറരുത്. ചെറിയ ചെറിയ കാര്യങ്ങളെങ്കിലും പറ്റുന്നതുപോലെ ചെയ്യുക. ഫലം അത്ഭുതകരമായിരിക്കും, തീർച്ച. നിത്യജീവിതത്തിൽ വലിയ കാര്യങ്ങൾ ചെയ്യാൻ പറ്റാത്തതിന്റെ കാരണങ്ങൾ ഇവയാവാം:

ഒന്ന്: സമയക്കുറവ്
രണ്ട്: ചെയ്യാനുള്ള ഊർജ്ജമില്ലാത്ത അവസ്ഥ
മൂന്ന്: നിയന്ത്രണത്തിനു പുറത്തെ കാര്യങ്ങൾ
നാല്: ആരെയോ കാത്തുനിൽക്കുന്ന അവസ്ഥയും ഉണ്ടാകാം.

കുറഞ്ഞ സമയവും വിഭവങ്ങളും, ശേഷിയും സാഹചര്യവുമുള്ളപ്പോൾ ചെറിയ ലക്ഷ്യങ്ങൾ ലാക്കാക്കി അത് പൂർണ്ണതയോടെ ചെയ്യാൻ ശ്രമിക്കുക. ഊർജ്ജസ്വലത വളരെ കുറഞ്ഞിരിക്കുമ്പോൾ വലിയ കാര്യങ്ങളിൽ ഇടപെടാതെ പെട്ടെന്ന് ചെയ്യാൻ കഴിയുന്ന വളരെ കുറച്ച് ഊർജ്ജം മാത്രം ആവശ്യമായത് ചെയ്തുനോക്കൂ.. അത് ചിലപ്പോൾ വലിയ സംരംഭങ്ങൾ ഏറ്റെടുക്കാൻ പ്രചോദനമാവാം.

വളരെയധികം മടുപ്പ് തോന്നുന്ന ഒരു പ്രഭാതം. ഒന്നും ചെയ്യാതെ എല്ലാറ്റിനെയും ശപിച്ച് ആ ദിവസം മുഴുവൻ പാഴാക്കാതെ വളരെ നിസ്സാരമായ ഒരു കാര്യം വൃത്തിയായി ഒന്നു ചെയ്തുനോക്കൂ. ഒരു ഊർജ്ജം തനിയെ വന്നുചേരും. അലങ്കോലമായിക്കിടക്കുന്ന മേശ ഒന്ന് അടുക്കി വൃത്തിയാക്കിയാൽ മതി നമ്മുടെ എല്ലാ നെഗറ്റീവ് ഭാവങ്ങളും പമ്പകടക്കും. പറ്റിയാൽ മുറി മുഴുവൻ ഒന്ന് വൃത്തിയാക്കുകയോ, പഴയ പുസ്തകങ്ങൾ വീണ്ടും എടുത്ത് ഒന്നുകൂടി ക്രമീകരിച്ച് അടുക്കിവെക്കുകയോ, മുറ്റത്തെ പൂച്ചട്ടി ഒന്ന് കോതിവെട്ടുകയോ..... അങ്ങനെ എന്തെങ്കിലും.

---

തുപ്പ്, മുറ്റത്തേക്ക്! വീണ്ടും ഞങ്ങളുടെ നേരെ തിരിഞ്ഞ് ചോദിച്ചു. "അടുത്ത ചോദ്യമെന്താ..?" അപ്പോ ഒന്നാം ചോദ്യത്തിന്റെ ഉത്തരമതായിരുന്നു. നീട്ടിതുപ്പിക്കളയുന്ന പോലെ ജൻമദിനമെന്നോ.

a S nt b ms S "ബഷീർ എന്താണ് ഇപ്പോൾ കഥകളെഴുതാത്തത്?" (അവസാനകാലങ്ങളിൽ ബഷീർ കഥകളെഴുതിയിരുന്നില്ല. മരച്ചുവട്ടിലിരുന്ന് സോറപറയലും പ്രസംഗങ്ങളും അഭിമുഖങ്ങളും മാത്രമേ അക്കാലങ്ങളിൽ ബഷീറിന്റേതായി അച്ചടിച്ചു വന്നിട്ടുള്ളൂ എന്നാണ് എന്റെ അറിവ്.) ബഷീർ തിരിച്ചൊരു ചോദ്യം! "മലയാളത്തിൽ എത്ര പ്രസിദ്ധീകരണങ്ങളുണ്ട്?" ഞാൻ പരുങ്ങലോടെ പറഞ്ഞു. "ഒരു പത്തൻപത്...?" വീണ്ടും ചോദ്യം. "അതിൽ താൻ വായിക്കുന്ന പ്രസിദ്ധീകരണങ്ങൾ ഏതൊക്കെയാ..?"

".. മാതൃഭൂമി, കലാകൗമുദി, ദേശാഭിമാനി, ഭാഷാപോഷിണി, ചന്ദ്രിക...."

"ങ്ഹാ.. താൻ വായിക്കാത്ത പ്രസിദ്ധീകരണങ്ങൾ വേറെയും ഒരുപാടില്ലേ?" "ഉണ്ട്!" ഞാൻ പറഞ്ഞു. "എന്നാൽ താൻ കാണാത്ത ആ പ്രസിദ്ധീകരണങ്ങളിലെല്ലാം ഞാൻ കഥകളെഴുതാറുണ്ട്..!"

ഒരടി കിട്ടിയ പോലെയായി ഞാൻ. അദ്ദേഹം വീണ്ടും ചോദിക്കുന്നു. "ഇനിയുമുണ്ടോ ചോദ്യം?" ചോദിക്കാനുള്ള പൂതി തീർന്നിരുന്നു എനിക്ക്. അദ്ദേഹം പ്രോത്സാഹിപ്പിച്ചു.

ചോദിക്കണ്ടേ എന്നു കരുതി ഞാൻ ഒരു ചോദ്യം കൂടി ചോദിച്ചു. "കഥയെഴുതുന്ന കുട്ടികൾ ഉണ്ട് എന്റെ ക്ലാസിൽ. അവർക്ക് ഉപദേശം...?" അദ്ദേഹം പുഞ്ചിരിയോടെ പറഞ്ഞു. "അവരോടെല്ലാം നന്നായി കഥകളെഴുതാൻ പറയൂ.."

***ബഷീർ ശരിക്കും ഞങ്ങളെ കുടഞ്ഞുകളയുകയായിരുന്നു. ശുദ്ധീകരിക്കുകയായിരുന്നു.***

മഹാനായ ഒരെഴുത്തുകാരൻ ഞങ്ങളെപ്പോലുള്ള പയ്യൻമാരുടെ മുമ്പിൽ ഉദാരതയോടെ ഇരുന്നുതരുന്നു എന്നു കരുതി ക്ലീഷേ ചോദ്യങ്ങൾ ഇനി ചോദിക്കില്ലെന്ന് അപ്പഴേ തീർച്ചയാക്കി. ഇത്തിരിനേരം കൂടി അവിടെ ഇരുന്നു. അദ്ദേഹം വാത്സല്യത്തോടെ കുശലങ്ങൾ ചോദിച്ചു. ഭാര്യ ഫാബിയെ വിളിച്ച് ഞങ്ങളെ പരിചയപ്പെടുത്തി. ഓട്ടോഗ്രാഫ് തന്നു. സ്നേഹത്തോടെ ഞങ്ങൾ യാത്രപറഞ്ഞു.

ബഷീറില്ലാത്ത വൈലാലിൽ വീട്ടിലേക്ക് പിന്നീട് രണ്ടു മൂന്ന് തവണ പോയിട്ടുണ്ട്. പക്ഷേ, സത്യം പറയാം, മറ്റൊരു വലിയ എഴുത്തുകാരന്റെയും വീട്ടിലേക്കു പോകാൻ എന്നിലെ വായനക്കാരൻ മോഹിച്ചിട്ടില്ല.

## പഴുത്ത മാങ്ങാപുളിശ്ശേരി

വല്ലാതെ ടെൻഷനടിച്ചാണ് അയാൾ വീട്ടിൽ നിന്നിറങ്ങിയത്. സ്വകാര്യധനമിടപാടുസ്ഥാപനം നടത്തുകയായിരുന്നു അയാൾ. കുറെ ദിവസങ്ങളിലായി ഓഫീസിലും വീട്ടിലും വല്ലാതെ അസ്വസ്ഥനായിരുന്നു അയാൾ. സാമ്പത്തികപ്രതിസന്ധിയിൽ കമ്പനി ആടിയുലയുകയായിരുന്നു. ഉച്ചയ്ക്ക് ഊണു കഴിക്കാൻ ഇരുന്നപ്പോഴാണ് അതു സംഭവിച്ചത്. അയാൾക്കിഷ്ടപ്പെട്ട പഴുത്ത മാങ്ങാപുളിശ്ശേരി! പെട്ടെന്നയാൾക്ക് വിവാഹജീവിതത്തിന്റെ ആദ്യനാളുകൾ ഓർമ്മവന്നു. ഒരു മൂളിപ്പാട്ടുമായി ഓഫീസിലെ ചെയറിൽ ഇരുന്ന് കറങ്ങുന്ന ബോസിനെക്കണ്ട് ജീവനക്കാർ അമ്പരക്കുക തന്നെ ചെയ്തു. പഴുത്ത മാങ്ങാപുളിശ്ശേരി അയാളുടെ ജീവിതത്തെ മാറ്റിമറിക്കുക തന്നെ ചെയ്തു.

*"എന്റെ ഉള്ളിൽ വലിയൊരു ലോകമുണ്ട്. പക്ഷേ, എന്തുഫലം! പുറത്ത് അതിനേക്കാൾ വലിയ ലോകമുണ്ട്. അല്ല, ലോകങ്ങൾ തന്നെയുണ്ട്.*
*അതിനാലാവാം ഞാനുമെന്റെ കവിതകളും ചെറുതാണെന്ന് തോന്നുന്നത്."*

– കുഞ്ഞുണ്ണി

# എലിയെ തുരത്താൻ പാര സെറ്റാമോൾ




ജയപ്രകാശ് നിലമ്പൂർ

എലിയുടെ എണ്ണക്കൂടുതൽ ചിലപ്പോഴെല്ലാം വലിയ വിഷമതകൾ സൃഷ്ടിക്കാറുണ്ട്. പൂച്ചകൾ എലികളെ വെറുതെ വിടുന്നതും പാമ്പുകളുടെ എണ്ണം കുറഞ്ഞതും മിക്ക കാരണമാണ്. എലിയെ നിയന്ത്രിക്കാനുള്ള ഒരു ലളിത ഉപായമിതാ. 500 മില്ലിഗ്രാമിന്റെ രണ്ട് പാരസെറ്റാമോൾ ഗുളികകൾ അരിപ്പൊടിയിലോ, കപ്പയിലോ, തേങ്ങാപ്പൊടിയിലോ കലർത്തി കുറച്ച് മധുരം ചേർത്ത് എലികളുടെ സഞ്ചാര പാതയിൽ വച്ചുനോക്കൂ. ഫലം ഉറപ്പ്.

## പേൻ ശല്ല്യത്തിന് ഒരു കപ്പ് ചായ

പേൻ ശല്യം എക്കാലത്തും മനുഷ്യനോടൊപ്പമുണ്ട്. ബി. സി. ആറാം നൂറ്റാണ്ടിൽ പോലും യൂറോപ്പിൽ പേൻ സംഹാരികൾക്ക് നല്ല ഡിമാന്റായിരുന്നത്രേ. പേൻ സംഹരിക്കാൻ ഒരു ഒറ്റമൂലിയിതാ. ഒരു കപ്പ് വെള്ളത്തിൽ ഒരു ടീസ്പൂൺ ചായപ്പൊടിയിട്ട് നന്നായി തിളപ്പിച്ച് വെള്ളം തണുത്ത ശേഷം തലയിൽ തേക്കുക. ഫലം ഉറപ്പ്.

പിൻകുറി-

പ്രിയങ്കരമായ പാരസെറ്റാമോളും ചായയുമെല്ലാം ഇത്ര തികഞ്ഞ വിഷമാണെന്ന തിരിച്ചറിവിലെങ്കിലും ഇവയുടെ ഉപയോഗം കുറയ്ക്കാൻ നാം തയ്യാറാവുമോ.

---

# ചാണകവും ഇ.കോളിയും



രാമചന്ദ്രൻ പാണ്ടിക്കാട്

**ചാണകം ഉപയോഗിക്കുന്ന ഇന്ത്യക്കാർക്ക് ഇ.കോളിക്കെതിരെ പ്രതിരോധം കൈവന്നിരിക്കുന്ന**

ജൂൺ 14-ലെ ഡെക്കാൻ ഹൊറാൾഡിൽ വന്ന ഒരു വാർത്തയുടെ ചുരുക്കമാണ് താഴെ.

ഇന്ത്യയിൽ ഇ.കോളി പെരുകാത്തതിനു കാരണം ചാണകത്തിന്റെ ഉപയോഗമാണെന്ന് ഇന്തോ-ജർമ്മൻ ഗവേഷകർ കണ്ടെത്തി. വീടുകളിലും മുറ്റങ്ങളിലും ചാണകം മെഴുകുന്നതും, തൊടിയിലും കൃഷിയിടങ്ങളിലും ചാണകം വളമായി ഉപയോഗിക്കുന്നതും കാരണമാണ് എസ്ക്രേഷ്യ ഇ.കോളി എന്ന ബാക്ടീരിയയുടെ വ്യാപനം നടക്കാത്തതെന്നാണ് കണ്ടെത്തൽ. പശുക്കളുടെയും എരുമകളുടെയും ചാണകത്തിൽ എന്ററോഹീമോർഹോഗിക് ഇ.കോളി ഉണ്ട്. ഇത് മനുഷ്യനിൽ കാണുന്ന ഇ.കോളിയേക്കാൾ ശക്തമാണ്.

അമേരിക്കയിലും യൂറോപ്പിലും വരെ ഇ.കോളി കാരണമുള്ള പകർച്ചവ്യാധികൾ പടരുന്നുണ്ടെങ്കിലും മാലിന്യനിക്ഷേപങ്ങളും ശുചിത്വമില്ലായ്മയുമുള്ള ഇന്ത്യയിൽ ഇ.കോളിയുടെ ആക്രമണമുണ്ടാകുന്നില്ലെന്നതാണ് ഗവേഷകരെ അത്ഭുതപ്പെടുത്തിയത്. 5000- ലേറെ വർഷങ്ങളായി ചാണകം ഉപയോഗിക്കുന്ന ഇന്ത്യക്കാർക്ക് ഇ.കോളിക്കെതിരെ പ്രതിരോധം കൈവന്നിരിക്കുന്നു എന്ന് ജർമ്മനിയിലെ മൈക്രോ ബയോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറായ ഡോ: ലോതർ വെയ്‌ലർ ചൂണ്ടിക്കാട്ടുന്നു.

# ഉറുമ്പുകൾ



നടരാജൻ ബോണക്കാട്



. നെരൂദ

എണ്‍പതുകളുടെ ആദ്യപാദത്തിലൊരുനാൾ എം.ജി. റോഡിലൂടെ നടന്നുപോകുമ്പോൾ യൂണിവേഴ്സിറ്റി കോളേജ് അനക്സിന്റെ മതിലിൻമേൽ ഒരു വിപ്ലവച്ചുവരൊട്ടി. ഉറുമ്പുകളും പുൽച്ചെടികളും പോലും ആദരിക്കപ്പെടുന്ന ഒരു കാലം. നെരൂദ കവിതകൾക്കൊപ്പം ആ പോസ്റ്ററിന്റെ സ്വപ്നദർശനവും ഒരു കമ്മ്യൂണിസ്റ്റാവാൻ എന്നെ പ്രചോദിപ്പിച്ചുവെന്നോർക്കുന്നു. പിന്നീട് പക്ഷേ മനുഷ്യകേന്ദ്രീകൃതമായ ചിന്താരീതികളുടെ പിടിയിലായിരുന്നു ഏറെക്കാലം. അതെത്ര സ്വാർത്ഥപരവും സങ്കുചിതവുമായിരുന്നെന്ന് അയ്യേ! എന്ന് ഇന്ന്.

ചായപ്പാത്രം അപ്പോൾത്തന്നെ കഴുകാനെടുക്കുമ്പോൾ മധുരമൊക്കെ വിലകൂടിയ ഇക്കാലത്ത് അതൊരു പാഴാക്കലാണെന്ന്, ദുരുപയോഗം ചെയ്യലാണെന്ന് കുറ്റബോധത്തോടെ ഞാനോർക്കും. അതിനൊക്കെ കടുത്ത ആവശ്യക്കാരുണ്ട്- അച്ചാലും മുച്ചാലും ഓടിനടക്കുന്ന പാവം മധുരഭ്രാന്തൻമാർ. മിക്കവാറും അടുത്ത ചായക്കിടെ അവർ നക്കിത്തീർത്ത് ഒഴിഞ്ഞുപോയിട്ടുണ്ടാവും. അല്ലെങ്കിൽ അവർക്ക് അപകടം പറ്റാത്തവിധം തട്ടിക്കളയും. മുന്തിരിങ്ങ സൂക്ഷിക്കുന്ന പാത്രത്തിൽ ആദ്യാവസാനം അവരും എന്നോടൊപ്പം അത് ഭക്ഷിക്കുന്നുണ്ടാവും. അവസാനം കുറേനാളത്തേക്കുകൂടി അവർക്ക് ഏതാനുമെണ്ണം കാത്തുവെയ്ക്കുകയും. പാവയ്ക്കയുടെയും മറ്റും വിത്തിന്റെ മധുരാവൃത വർണ്ണങ്ങളും അവർക്ക്. വാഴപ്പഴത്തിന്റെ തൊലികൾ പുറത്തെറിയാറില്ല. ഒരുനേരം വരെ അത് പ്രത്യേകസ്ഥലത്ത് സൂക്ഷിക്കുകയും ഉപേക്ഷിക്കുമ്പോൾ അവർക്ക് പരിക്കേൽക്കാതിരിക്കാൻ പതുക്കെ നിലത്തുകൊണ്ടുപോയി വയ്ക്കുകയുമാണ് ചെയ്യുക

ധ്യാന കഥ

# വ്യത്യാസം



*“ ഞാൻ മാറിയതുമൂലം എന്റെ പ്രവർത്തനങ്ങൾക്കാകെ മാറ്റമുണ്ടായിട്ടുണ്ട്.”*

സെൻ ഗുരുവിനോട് ഒരാൾ ചോദിച്ചു: “ബോധോദയത്തിനുമുമ്പ് അങ്ങ് എന്താണ് ചെയ്തിരുന്നത്?” “വിറക് ശേഖരിക്കുകയും വെള്ളം കോരുകയുമായിരുന്നു ഞാൻ ചെയ്തുകൊണ്ടിരുന്നത്” അദ്ദേഹം പറഞ്ഞു. “ഇപ്പോൾ ബോധോദയത്തിനു ശേഷം അങ്ങ് എന്താണ് ചെയ്യുന്നത്?” “ഞാൻ വിറക് ശേഖരിക്കുകയും വെള്ളം കോരുകയുമാണ് ചെയ്യുന്നത്” ഗുരു പറഞ്ഞു. ചോദിച്ചയാൾ ആകെ ആശയക്കുഴപ്പത്തിലായി. അയാൾ ചോദിച്ചു. “അപ്പോൾ ഒരു വ്യത്യാസവും ഇല്ലെന്നോ?” ഗുരു പറഞ്ഞു, “വ്യത്യാസം എന്നിലാണുള്ളത്. എന്റെ ജോലികളിലല്ല. ഞാൻ മാറിയതുമൂലം എന്റെ പ്രവർത്തനങ്ങൾക്കാകെ മാറ്റമുണ്ടായിട്ടുണ്ട്. അവയുടെ പ്രസക്തി മാറിയിട്ടുണ്ട്. ഗദ്യം കവിതയായി മാറിയിരിക്കുന്നു. കല്ലുകൾ പ്രഭാഷണങ്ങളായി മാറിയിരിക്കുന്നു. പദാർത്ഥം പൂർണ്ണമായി അപ്രത്യക്ഷമായിരിക്കുന്നു. ജീവിതം ഇപ്പോൾ എനിക്ക് മുക്തിയാകുന്നു. നിർവ്വാണമാകുന്നു.



**ചന്ദ്രകഥകൾ – 2**

*മൺമറഞ്ഞുപോയ പരിസ്ഥിതി പ്രവർത്തകൻ മൂൺസചന്ദ്രന്റെ ജീവിതാനുഭവങ്ങളിൽ നിന്ന്...*

# ഋഷികേശിലെ മലയാള പ്രസംഗം

## ആറു ദിവസമായി തന്നെ ഹിന്ദിയിൽ പീഡിപ്പിച്ച ആളുകൾക്കു മുമ്പിൽ പച്ച മലയാളത്തിൽ ഒരു പ്രസംഗം നടത്താൻ ചന്ദ്രൻ തീരുമാനിക്കുകയായിരുന്നു

ചന്ദ്രൻ ഒറ്റക്കൊരു യാത്ര പോയിരുന്നു. ഹരിദ്വാറും ഋഷികേശുമെല്ലാം ചുറ്റിക്കറങ്ങാൻ. സ്വതവേ യാത്രാപ്രിയനായിരുന്നു ചന്ദ്രൻ ഈ യാത്രക്കൊരു കാരണവുമുണ്ടാക്കി. ആർട്ട് ഓഫ് ലിവിംഗ് ഫൗണ്ടേഷന്റെ അഡ്വാൻസ് കോഴ്സ് ശ്രീ ശ്രീ രവിശങ്കർ നേരിട്ട് ഋഷികേശിൽ നടത്തുന്നു. അതിൽ പങ്കെടുക്കാൻ കോഴ്സ് ഫീ ഡി.ഡി.യെടുത്ത് അയച്ചുകൊടുത്തു. മറുപടിയൊന്നും കാക്കാതെ നേരെ വണ്ടികയറി. ചെന്നപ്പോഴാണ് അറിഞ്ഞത്. ഹിന്ദി മാധ്യമത്തിൽ മാത്രമുള്ള കോഴ്സാണ്. ഹിന്ദി ഭാഷ പോയിട്ട് ഹിന്ദി പാട്ടുപോലും അറിയാത്ത താൻ, മുറി ഇംഗ്ലീഷും മലയാളവും കൈമുതലാക്കി വലിയ വിവരമുള്ളയാളാണെന്ന് മേനി നടിക്കുന്ന താൻ, ശരിക്കും ഭാഷയറിയാതെ ആ നാളുകളിൽ നന്നായി കഷ്ടപ്പെട്ടു എന്ന് ചന്ദ്രൻ പറഞ്ഞിരുന്നു. തുഞ്ചന്റെ കാഞ്ഞിര മരത്തിനു ചുവട്ടിലേ നമ്മുടെ ഭാഷയ്ക്കു പ്രസക്തിയുള്ളൂ എന്ന് ബോധ്യപ്പെടുന്ന നാളുകളാണിതെന്ന് അക്കാലത്ത് ഋഷികേശിൽ നിന്ന് എനിക്കയച്ച ഒരു കാർഡിൽ ചന്ദ്രൻ എഴുതി.

അഞ്ചൂറോളം ആളുകൾ പങ്കെടുക്കുന്ന കോഴ്സിന്റെ ബാച്ചിൽ ആറു ദിവസം ഹിന്ദി അറിയാതെ താൻ കഴിച്ചുകൂട്ടിയ രസങ്ങൾ ചന്ദ്രൻ പറഞ്ഞിരുന്നു. കോഴ്സിന്റെ അവസാന ദിവസം! അംഗങ്ങൾക്ക് അനുഭവങ്ങൾ പങ്കുവെക്കാൻ സന്ദർഭം കിട്ടിയപ്പോൾ ചന്ദ്രനും സ്റ്റേജിൽ കയറി. ആറു ദിവസമായി തന്നെ ഹിന്ദിയിൽ പീഡിപ്പിച്ച ആളുകൾക്കു മുമ്പിൽ പച്ച മലയാളത്തിൽ ഒരു പ്രസംഗം നടത്താൻ ചന്ദ്രൻ തീരുമാനിച്ചു. അഞ്ചു മിനിട്ടാണെങ്കിൽ പോലും അവരെയൊന്ന് മലയാളത്തിൽ പീഡിപ്പിച്ച് പകരം വീട്ടണം! ഒരൊറ്റ ഇംഗ്ലീഷ് വാക്കുപോലും അബദ്ധത്തിൽ വീഴാതെ ശുദ്ധ മലയാളത്തിൽ സ്വന്തം അനുഭവങ്ങൾ ചന്ദ്രൻ മൈക്കിലൂടെ ഉച്ചത്തിൽ പറയുന്നതുകേട്ട് സർദാർജിമാരെല്ലാം അന്തം വിട്ടുപോയി! പ്രസംഗം തീർന്നപ്പോൾ ഒന്നും മനസ്സിലാകാതെ നിശ്ശബ്ദരായി നിന്ന സദസ്സിന്റെ ഏറ്റവും പിറകിൽ നിന്ന് മൂന്നുപേർ മാത്രം ഉച്ചത്തിൽ കയ്യടിച്ചു! ഇവർക്കെങ്ങിനെ മലയാളം മനസ്സിലായെന്ന അതിശയവുമായി ചന്ദ്രൻ അവരുടെ അടുത്തേക്ക് ചെന്നു. ആ മൂന്നുപേർ കോഴിക്കോട്ടുകാരായിരുന്നു. ഹിന്ദി അറിയാവുന്ന അവർ കുവൈത്തിൽ നിന്ന് നാട്ടിലേക്ക് വരുന്നവഴി കോഴ്സ് ചെയ്യാനായി എത്തിയതായിരുന്നുവത്രെ!

ഇക്കാലയളവിൽ താനല്ല തന്റെ ഈഗോയാണ് പീഡിപ്പിക്കപ്പെട്ടത് എന്ന തിരിച്ചറിവിലായിരുന്നു ചന്ദ്രൻ.

---

*ഇത്തരം അനുഭവങ്ങളുള്ളവരെക്കുറിച്ച് നിങ്ങൾക്കും എഴുതാം -എഡിറ്റർ*

കഥ

റഹ്മാൻ കിടങ്ങയം

## നിയോഗം

പുൽച്ചാടി ഇലയോട് പറഞ്ഞു: “നിന്റെ നിറം സ്വീകരിച്ച് ഐക്യദാർഢ്യം പ്രഖ്യാപിച്ചവനെന്ന നിലയ്ക്ക് നിനക്കെന്നോട് ഒരു ബാധ്യതയുണ്ട്. ശത്രുക്കളിൽ നിന്ന് എന്നെ ഒളിപ്പിച്ചുവെക്കുക എന്നത്. പക്ഷേ ഒരു തവളയോ പച്ചിലപ്പാമ്പോ എന്നെ എളുപ്പം കണ്ടെത്തുന്നു. നീയന്നേരം നിർവ്വികാരതയുടെ പുതപ്പണിഞ്ഞ് പുണ്യാളനാവുകയാണ്.”

ഇല ചിരിച്ചുകൊണ്ടു പറഞ്ഞു: “അവനവന്റെ രക്ഷ അവനവനിലാണ് സുഹൃത്തേ, എന്റെ നിറത്തിലേക്ക് സന്നിവേശിച്ചതുപോലെ ശത്രുവിന്റെ കണ്ണിലൊതുങ്ങാതെ അദൃശ്യനാവേണ്ടതും നിന്റെ ബാധ്യതയാണ്. ഞാൻ നിനക്ക് വെറുമൊരു ഇരിപ്പിടം മാത്രമാണല്ലോ.”

ഇലയുടെ വാക്കുകളുടെ പൊരുളിൻമേൽ പുൽച്ചാടി കുറേനേരം അടയിരുന്നു. പിന്നെ തന്റെ നേരെ അടുത്ത ശാഖയിൽ നിന്ന് മെല്ലെ ഇഴഞ്ഞുവരുന്ന പച്ചിലപ്പാമ്പിന്റെ ആർത്തിക്കണ്ണുകൾക്കുനേരെ ജാഗരൂകനായി.


## കേരള പരിസ്ഥിതി ഉച്ചകോടി.


അന്താരാഷ്ട്ര വനവർഷത്തിൽ നമ്മുടെ സംസ്ഥാനത്തിന്റെ സമസ്തമേഖലയിലുമുള്ളപരിസ്ഥിതി പ്രശ്നങ്ങൾ പഠിക്കുവാനും സമഗ്രമായി അപഗ്രഥിക്കാനുമായിസമകാലിക വിഷയങ്ങളിൽ സജീവമായി ഇടപെടുന്നകേരളത്തിലെ പരിസ്ഥിതി പ്രവർത്തകരുടെയും സാമൂഹിക പ്രസ്ഥാനങ്ങളുടെയുംഗാന്ധിയൻ സംഘടനകളുടെയുംവിവിധ ഗവൺമെന്റ് ഏജൻസികളുടെയും സഹകരണത്തോടെ കേരള സർവ്വകലാശാല ഗാന്ധിയൻ പഠനകേന്ദ്രത്തിന്റെയും ഗ്രീൻ കമ്മ്യൂണിറ്റിയുടെയും ആഭിമുഖ്യത്തിൽ കേരള പരിസ്ഥിതി ഉച്ചകോടി.

**2011 ആഗസ്റ്റ് 3,4,5**
**സൈലന്റ് വാലി നഗറിൽ**
**(വി.ജെ.റ്റി. ഹാൾ, തിരുവനന്തപുരം)**

## ആവിയന്ത്രം വായിച്ചോ?

ലിറ്റിൽ മാസിക പുസ്തക സംരംഭമായ ലിറ്റിൽ പ്രിന്റ് പ്രസിദ്ധീകരിച്ച പ്രഥമ പുസ്തകം

**35 രൂപ ലിറ്റിൽ മാസികയുടെ വിലാസത്തിൽ അയക്കുക**



വായന

# കർക്കിടകത്തിലെ കഥകൾ



ബി.എസ്. രാജീവ്

***സുനിൽ.പി.മതിലകത്തിന്റെ കർക്കിടകം എന്ന കഥാസമാഹാരത്തെ മുൻനിർത്തി ഒരു പഠനം.***

ആറുവരിയുള്ള ഒരു കഥയിൽ ആശയത്തിന്റെ വലിയ ലോകം ഒളിപ്പിക്കാൻ കരവിരുത് വേണം. ഈ കരവിരുത് ആവോളമുള്ള കഥാകൃത്താണ് സുനിൽ.പി.മതിലകം. കർക്കിടകം എന്ന കഥാസമാഹാരത്തിലെ കഥകളെല്ലാം തന്നെ ഈ ശ്രദ്ധയിൽ വിളഞ്ഞ കരവിരുതുകളാണ്. പച്ചയായ ജീവിതത്തിൽ നിന്നും നേരിട്ടാണ് സുനിൽ വിഷയങ്ങൾ സ്വീകരിക്കുന്നത്. ഇതിലെ കഥാപാത്രങ്ങൾ ആരും നമുക്കന്യരല്ല. കഥാപരിസരവും നമ്മുടെ ജീവിതവുമായി ബന്ധപ്പെട്ടുനിൽക്കുന്നു.

രാഷ്ട്രീയത്തെയും, മതത്തെയും തൊടാൻ എഴുത്തുകാർ മടിക്കുന്ന ഈ കാലത്ത് രാഷ്ട്രീയകഥകളെഴുതാൻ ധൈര്യം വേണം. ഈ ധൈര്യം സുനിലിനുള്ളതുകൊണ്ട് ഒന്നുമൊളിപ്പിക്കാതെ രാഷ്ട്രീയത്തിന്റെ ജീർണ്ണാവസ്ഥയെ തൊട്ടുകാണിക്കാനാവുന്നുണ്ട്. ഗാന്ധിക്കസേര എന്ന കഥ ഇതിന് മികച്ച ഉദാഹരണമാണ്. മാഷതിൽ ഇരിക്കരുത്, ഗാന്ധി ഇരുന്ന കസേരയാണത് എന്ന് കുട്ടികൾ വിളിച്ചുപറയുന്ന അവസ്ഥയുടെ ഗൗരവമാണ് നമ്മൾ കാണേണ്ടത്. ഗാന്ധിയൻ വീണ്ടുവിചാരം എന്ന കഥയിലും നമ്മുടെ രാഷ്ട്രീയത്തിലെ നവ ഗാന്ധിയൻമാരുടെ തനിനിറമാണ് കാണുന്നത്.

അവർ വരുന്ന വഴികൾ എന്ന കഥയും ഇന്നത്തെ തലമുറക്കന്യമായ രാഷ്ട്രീയം ചർച്ച ചെയ്യുന്നു. സത്യസന്ധമായ രാഷ്ട്രീയത്തിന്റെ ഇരകളാകുന്ന യുവത്വത്തെ ഈ കഥയിൽ കാണാം.ജീർണ്ണരാഷ്ട്രീയത്തിന്റെ വേറൊരു മുഖമാണ് ഇപ്പോൾ കിട്ടിയത് എന്ന കഥയിലുള്ളത്. ഇന്നലെ പറഞ്ഞത് വിഴുങ്ങുന്ന, കള്ളം മാത്രം പറയുന്ന സമകാലിക രാഷ്ട്രീയത്തെ ഈ കഥ രൂക്ഷമായി പരിഹസിക്കുന്നുണ്ട്.രാഷ്ട്രീയം പോലെ മതവും ചർച്ച ചെയ്യപ്പെടേണ്ടതു തന്നെയാണ് എന്ന് സുനിൽ വിശ്വസിക്കുന്നുണ്ട്. അതാണ് തിരിച്ചറിവ് എന്ന കഥ. സ്മാരകത്തിനു പകരം പുന്നമരം നടൂ എന്നുപറഞ്ഞ ഗുരുവിനു വേണ്ടി നാടുനീളെ ഉയരുന്ന സ്ഫടികക്കൂട്ടിൽ പൊതിഞ്ഞ സ്മാരകങ്ങൾ കണ്ട് ഗുരു അലയുക തന്നെയായിരുന്നു എന്നെഴുതുമ്പോൾ കഥാകൃത്ത് മതത്തിനുനേരെ വിരൽ ചൂണ്ടുക തന്നെയാണ്.മിനിക്കഥകളുടെ സമാഹാരമാണിതെങ്കിലും അങ്ങിനെയല്ലാത്ത കഥയുമുണ്ടിതിൽ. വേലായുധന്റെ പാങ്ങില്ലായ്മകൾ എന്ന കഥ ദാരിദ്ര്യവും അവശതയും നിറഞ്ഞ ഒരു അവസ്ഥ ഇപ്പോഴുമുണ്ടോ എന്നതിശയം കൂറുന്ന പുത്തൻ കൂട്ടുകാർക്ക് ഒരു പാഠമാണ്. സാങ്കേതികവിദ്യയും മറ്റ് സൗകര്യങ്ങളും വർദ്ധിച്ചുവരുന്ന ഇക്കാലത്ത് സങ്കടകരമായ ജീവിതത്തിന്റെ ഓരങ്ങളിലേക്ക് വെളിച്ചം വീശുന്ന ഈ കഥ ഇതിൽ ഉൾപ്പെടുത്തിയത് നന്നായി. കുത്തക മാധ്യമങ്ങൾക്ക് വൈകാരികമായ ഒരു കച്ചവട വാർത്തയാണ് ഇത്തരം കാര്യങ്ങൾ എന്നതിനപ്പുറം സമൂഹത്തിൽ ഇതൊക്കെ ഒരു ചലനവും സൃഷ്ടിക്കുന്നില്ലായെന്ന് നമുക്കറിയാം. എന്നാൽ മനുഷ്യന്റെ സങ്കടകരമായ അവസ്ഥയെ മാറ്റിനിർത്തി ഒരെഴുത്തുകാരന് മുന്നോട്ടുപോകാനാവില്ലായെന്ന് ഈ കഥ വ്യക്തമാക്കുന്നുണ്ട്.

ഇന്നത്തെ അണുകുടുംബങ്ങൾക്കകത്ത് നടക്കുന്ന തീവ്രമായ സംഭവങ്ങളെ അല്പം പരിഹാസത്തോടെയാണെങ്കിലും അതർഹിക്കുന്ന ഗൗരവത്തോടെ കൈകാര്യം ചെയ്യുന്ന കഥകൾ ഇതിലുണ്ട്. മെഗാസീരിയൽ എന്ന കഥയിൽ അമ്മ, മകൾ, അച്ഛൻ എന്നിവർ കടന്നുവരുന്നുണ്ട്. വളരെ കുറച്ചു വരികളിലൂടെ ഉത്തരാധുനികകാലത്തെ ഒരു കൂടുംബത്തിന്റെ രീതികൾ ഈ കഥയിൽ അവതരിപ്പിക്കുന്നുണ്ട്.ബന്ധങ്ങളുടെ ശൈഥില്യത്തെയും, ആഴമില്ലായ്മയെയും സുനിൽ ഗൗരവത്തോടെ കാണുന്നതിനുദാഹരണങ്ങളാണ് ഒരച്ഛനും മകളും, അലക്കുയന്ത്രം, മറന്നത് എന്നീ കഥകൾ.രണ്ടു പെൺമക്കളുടെ വിവാഹത്തോടെ സമ്പാദ്യമെല്ലാം തീർന്ന അച്ഛൻ ഇളയമകളുടെ മുഖത്തുനോക്കി നിനക്കും ആരെയെങ്കിലും പ്രണയിച്ചുകൂടെ എന്ന് ചോദിക്കുന്നത് ഒരു നിസ്സാരകാര്യമല്ല.അച്ഛൻ ബാറിലേക്കും, അമ്മ ബ്യൂട്ടി പാർലറിലേക്കും, മകൾ ഐസ്ക്രീം പാർലറിലേക്കും കയറുന്ന കാഴ്ചയും നമുക്കന്യമല്ല.ഒരു വാഷിംഗ് മെഷീൻ വാങ്ങണം അതല്ലെങ്കിൽ ഒരു പെണ്ണു കെട്ടണം എന്ന് അമ്മ മകനോട് പറയുന്ന വാചകങ്ങൾ ചിരിയ്ക്കപ്പുറം വേദന പടർത്തുന്നവയാണ്. സ്നേഹം മൊബൈലിലൂടെ മാത്രം പറഞ്ഞു തീർക്കുന്ന ഈ കാലത്ത് കാമുകിയുമായി സല്ലപിച്ച് ടെറസ്സിൽ നിന്നും വീഴുന്ന ചെറുപ്പക്കാരന്റെ ചുടുചോര കാണാതെ സംസാരം മുറിഞ്ഞതിൽ നീരസപ്പെടുന്ന പെൺകുട്ടികൾ ഏറിവരുന്ന കാലമാണിത്. (ചുടുചോര)

എന്തുകൊണ്ടാണ് മിനിക്കഥകളുടെ ശക്തി കൂടിവരുന്നതെന്ന ചോദ്യത്തിനുത്തരം ഈ കാലം തന്നെയാണ്. അഭ്യസ്തവിദ്യരെന്ന് അഭിമാനിക്കുകയും സ്വാർത്ഥതയിൽ അഭിരമിക്കുകയും പരോപകാരം പോകട്ടെ അന്യനെ ഒന്ന് കരുണയോടെ നോക്കുക പോലും ചെയ്യാത്ത ഒരു ബീമത്സമായ ലോകമാണ് നമുക്ക് മുന്നിലുള്ളത്. ഈ കെട്ട കാലത്തിനുനേർക്ക് ഒന്ന് മുഷ്ടി ചുരുട്ടുകപോലും ചെയ്യാത്ത ഒരാൾ മനുഷ്യനല്ല. ഈ മനുഷ്യത്വമുള്ളതുകൊണ്ടാണ് സുനിലിലെ കഥാകൃത്തിന് നിശ്ശബ്ദനാകാൻ കഴിയാത്തത്. ഈ ലോകത്ത് ജീവിക്കാൻ വിധിക്കപ്പെട്ട മനുഷ്യനെന്ന നിലയിലുള്ള പ്രതികരണങ്ങളാണ് ഈ കൊച്ചുകഥകൾ.

---

ഭക്ഷണം

# ചീര മഹാത്മ്യം

## ഉറക്കമില്ലാതെ വിഷമിക്കുന്നവർ പതിവായി ചീരക്കറി കഴിച്ചാൽ സുഖനിദ്ര

ജീവകങ്ങളും ധാതുലവണങ്ങളും സമൃദ്ധമായ തോതിൽ അടങ്ങിയിരിക്കുന്ന ഇലക്കറി സസ്യമാണ് ചീര. കഫം, പിത്തം, മൂത്രസംബന്ധമായ രോഗങ്ങൾ, രക്തദൂഷ്യം, വൃഷണവീക്കം, പ്ലീഹവീക്കം എന്നീ രോഗങ്ങളെ ശമിപ്പിക്കാൻ ചീര നിത്യവും ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നത് ഗുണം ചെയ്യും. നേത്രരോഗങ്ങളെ അകറ്റാനും ത്വക്കിന്റെയും കരളിന്റെയും രക്ഷയ്ക്കും ചീര ധാരാളമായി നിത്യഭക്ഷണത്തിൽ ഉൾപ്പെടുത്തണം. ഉറക്കമില്ലാതെ വിഷമിക്കുന്നവർ പതിവായി ചീരക്കറി കഴിച്ചാൽ സുഖനിദ്ര ഉറപ്പ്. മലശോധന ക്രമീകരിക്കാനും ദഹനേന്ദ്രിയങ്ങൾക്ക് ബലം ഉണ്ടാക്കാനും ചീരക്കറി കഴിക്കുന്നത് ഗുണം ചെയ്യും. ചീരയിൽ വിറ്റാമിൻ എ സമൃദ്ധമായ തോതിൽ അടങ്ങിയിരിക്കുന്നതിനാൽ പുതിയ ശരീര കോശങ്ങളുടെ വളർച്ചയ്ക്ക് ഇത് ഗുണപ്രദമാണ്. ചീരത്തോരൻ ഉണ്ടാക്കുമ്പോൾ കടുക് വറുക്കുന്നതിനൊപ്പം രണ്ട് സ്പൂൺ വറുത്തുപൊടിച്ച അരി ചേർത്താൽ സ്വാദേറും. ചീര വേരോടെ കുടിവെള്ളത്തിൽ താഴ്ത്തിവെച്ചാൽ പെട്ടെന്ന് വാടിപ്പോവില്ല. പച്ചച്ചീര, ചുവപ്പ്ചീര, കുക്കേച്ചീര, കുളമ്പുചീര, അഗത്തിച്ചീര, കുപ്പച്ചീര തുടങ്ങിയ പലയിനം ചീരകളുണ്ട്. പച്ചച്ചീരയെ അപേക്ഷിച്ച് ചുവപ്പ്ചീരയ്ക്കാണ് പോഷകമേൻമ കൂടുതൽ. ചീരക്കറി തയ്യാറാക്കുമ്പോൾ ഒരു നുള്ള് പഞ്ചസാര ചേർത്താൽ ചീരയുടെ നിറം മാറില്ല. ചീര ഇഷ്ടമില്ലാത്ത കുട്ടികൾക്ക് അൽപം ടൊമാറ്റോ സോസ് ചേർത്ത് ചീര വേവിച്ചത് ചേർത്തു ബ്രെഡിനുള്ളിൽ വച്ച് കൊടുത്താൽ മതി.



പി. സായ്നാഥ് സംസാരിക്കുന്നു...

## ജനങ്ങളും വികസനവും


വികസനം ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറാനുള്ള തന്ത്രമാണ്. ജനങ്ങൾക്ക് ഭൂപരിഷ്ക്കരണം നൽകാനാവാതാവുമ്പോൾ നിങ്ങൾക്കവർക്ക് ഹൈബ്രീഡ് പശുക്കളെ സമ്മാനിക്കാം. കുട്ടികളെ സ്കൂളിലയക്കാനാവുന്ന അവസ്ഥ സൃഷ്ടിക്കാതിരിക്കാനായാൽ അനൗപചാരിക വിദ്യാഭ്യാസം പരീക്ഷിച്ചുനോക്കാം. ജനങ്ങൾക്ക് അടിസ്ഥാനപരമായ ആരോഗ്യരക്ഷ നൽകാതെയാകുന്ന അവസ്ഥയിൽ ആരോഗ്യ ഇൻഷുറൻസിനെപ്പറ്റി സംസാരിക്കാം. തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാവുന്നില്ലെന്നോ? പേടിക്കേണ്ടതില്ല. 'തൊഴിലവസരങ്ങൾ' എന്ന വാക്കിനെ പുനർനിർവ്വചിച്ചാൽ മതി. അടിമജോലിയുടെ മറ്റൊരു വശമായി കുട്ടികളെ ഉപയോഗിക്കുന്നത് ഇല്ലാതാക്കാനാവുന്നില്ലെന്നോ? അത് കാര്യമാക്കേണ്ട. ബാലവേലയുടെ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനെപ്പറ്റി സംസാരിച്ചുകൊണ്ടിരിക്കാം. ഇതെല്ലാം കേൾവിക്ക് സുഖമുള്ളവയാണ്. നിങ്ങൾക്ക് ഇതിൽനിന്നും പണമുണ്ടാക്കുകയുമാവാം.

ഇപ്പോൾ നാലു ദശകങ്ങൾ പ്രായമായ ഇന്ത്യൻ മാതൃകയിലുള്ള വികസന സംസ്കാരത്തിന്റെ സാക്ഷ്യപത്രമാണത്. ഇതിന്റെ കേന്ദ്ര തത്ത്വശാസ്ത്രം ഇങ്ങനെയാണ്. വലിയ നിലയിലുള്ള എല്ലാ നീക്കങ്ങളും ഏതുവിധേനയും ഒഴിവാക്കണം. വേദനയേറുന്ന പരിശ്രമങ്ങളിൽ ഏർപ്പെടരുത്. ഇന്ത്യൻ സമൂഹം ഏറ്റവും അധികം ആവശ്യപ്പെടുന്ന പരിഷ്കാരങ്ങളിൽ നിന്ന് എങ്ങനെയും പിന്തിരിയണം. അലോസരപ്പെടുത്തുന്ന കാര്യങ്ങളായ ഭൂപരിഷ്കരണം പോലുള്ളവയിൽ നിന്ന് വിട്ടുനിന്നുകൊണ്ട് ജനങ്ങളുടെ ജീവിതം മെച്ചപ്പെടുത്താനാകുമോ എന്നുള്ള സാധ്യതകളാണ് നമ്മൾ അന്വേഷിക്കുന്നത്. അത്തരം സാധ്യതകൾ വാസ്തവത്തിൽ ഇല്ല. എന്നാൽ, അങ്ങനെയുള്ള സാധ്യതകളുണ്ടെന്നു വിശ്വസിക്കുന്ന ശക്തരായ ആളുകളാണ് അധികാരസ്ഥാനങ്ങളിലുള്ളത്. *(നല്ല ഒരു വരള്ച്ചയെ എല്ലാവരും ഇഷ്ടപ്പെടുന്നു. എന്ന പുസ്തകത്തിൽ നിന്ന്)*

## വനപഠനയാത്രയും ക്യാമ്പുകളും

വനവർഷാചരണത്തിന്റെ ഭാഗമായി നിലമ്പൂർ പ്രകൃതിപഠനകേന്ദ്രം അദ്ധ്യാപകർ, വിദ്യാർത്ഥികൾ, യുജന പ്രവർത്തകർ, കർഷകർ എന്നിവരുടെ 40-50 അംഗ സംഘങ്ങൾക്കായി ഏകദിന-ദ്വിദിന വനപഠനയാത്രകളും വനപഠന ക്യാമ്പുകളും ശിൽപശാലകളും സംഘടിപ്പിക്കുന്നു. മൊത്തം ചിലവ് പങ്കെടുക്കുന്നവർ തുല്യമായി വഹിക്കുന്ന യാത്രകളിലും ക്യാമ്പുകളിലും പങ്കെടുക്കാൻ താല്പര്യമുള്ളവർ *ഡയറക്ടർ, പ്രകൃതിപഠനകേന്ദ്രം, നിലമ്പൂർ-679329 എന്ന വിലാസത്തിൽ രജിസ്റ്റർ ചെയ്യണം.* ഫോൺ: 9446635140, 9539680175.

## കാർട്ടൂൺ കോമിക് ശിൽപശാല




നിലമ്പൂർ പ്രകൃതിപഠന കേന്ദ്രത്തിന്റെയും ലിറ്റിൽ മാസികയുടെയും സംയുക്ത ആഭിമുഖ്യത്തിൽ 2011 ആഗസ്റ്റ് 6, 7 തിയ്യതികളിൽ നിലമ്പൂരിൽ വെച്ച് കാർട്ടൂൺ കോമിക് നിർമ്മാണത്തിൽ പരിശീലനം നൽകുന്നു. വിദ്യാർത്ഥികൾ, അദ്ധ്യാപകർ, സന്നദ്ധപ്രവർത്തകർ തുടങ്ങി പ്രായഭേദമന്യേ ഏവർക്കും പങ്കെടുക്കാം. വരയ്ക്കുന്നതിനുള്ള താൽപര്യവും സന്നദ്ധതയും മാത്രമാണ് ആവശ്യമായ യോഗ്യത. *ബന്ധങ്ങൾക്ക്: 9446635140, 9946428284 എന്നീ ഫോൺ നമ്പരുകളിൽ വിളിക്കാം*

കവിത



ചിത്രം-ബാ

## ശരീരം

പ്രതീഷ് എം. പി.

ശലഭങ്ങളുടെ
ഒരു വലിയ
തടാകമുണ്ട്..


അനേകം
മലകൾക്കും മരക്കൂട്ടങ്ങൾക്കും
മദ്ധ്യേ..

സഞ്ചാരികളോ
സന്ദേശവാഹകരോ
അതിന്നരികിലൂടെ
പോവുകയേയില്ല..

യുദ്ധങ്ങൾക്കിടെ
ഒറ്റപ്പെട്ട
ഒരു പട്ടാളക്കാരൻ
അതിന്റെ കരയ്ക്കുനിന്ന്
കണ്ണുകൾ കഴുകുന്നു...



## നിങ്ങൾ വരിസംഖ്യ അയച്ചോ?



പരസ്യമില്ലാതെ, ചില്ലറ വിൽപ്പനയില്ലാതെ ലിറ്റിൽ മാസിക മുടങ്ങാതെ പ്രസിദ്ധീകരിക്കുന്നത് കുറച്ചുപേരുടെ വരിസംഖ്യ ഒന്നിച്ചുകിട്ടുന്നതുകൊണ്ടാണ്. ഓരോ മാസവും കുറച്ചു പഴയ വരിക്കാർ വരിസംഖ്യ പുതുക്കിയും പുതിയ വരിക്കാരെ കണ്ടെത്തി തന്നും സഹായിച്ചാൽ മാസിക കൃത്യമായി പുറത്തിറങ്ങും. 100 രൂപ അയച്ചുതന്ന് വരിസംഖ്യ പുതുക്കിയും വരി ചേരാൻ തയ്യാറുള്ള രണ്ടുപേരുടെയെങ്കിലും വിലാസങ്ങൾ അയച്ചുതന്നും ദയവായി സഹായിക്കുഇന്നുതന്നെ പോസ്റ്റോഫീസ് സന്ദർശിക്കുക!

ലിറ്റിൽ മാസിക, ചുങ്കത്തറ പി.ഒ,മലപ്പുറം-679334

Rs.10/- Little Masika July 2011 Reg No. RN67322 /94 New Delihi
Postal Reg.No.KL/MJI/82/2010-12

# മലയാളിയുടെ വീട്

ലിറ്റിൽ മാസിക ന്യൂസ് സർവ്വീസ്

കേരളീയ ജീവിതത്തിൽ ലാറി ബക്കറെപ്പോലെ ശരിയായി മനസ്സിലാക്കപ്പെടുന്നില്ല എന്നത് ഒരുപാട് സാമൂഹിക യാഥാർത്ഥ്യങ്ങളിലേക്ക് സൂചന തരുന്നു. വീട് ഒരു സുരക്ഷാകേന്ദ്രം എന്നതിൽ നിന്നും നമ്മുടെ സ്റ്റാറ്റസ് സിംബലായതാണ് കുഴപ്പം. പ്രകൃതിയേയും ആവാസവ്യവസ്ഥയേയും അലോസരപ്പെടുത്താത്ത ഒരു ജീവിതശൈലി സ്വായത്തമാക്കുന്നതിന്റെ പ്രഥമപാഠം വീട്ടിൽ നിന്നും തന്നെ തുടങ്ങേണ്ടതാണ്. മലയാളിയിൽ പ്രകൃതി സൗഹൃദപരമായ ഒരു വീട് നിർമ്മാണബോധം സൃഷ്ടിക്കുവാൻ നിരന്തരം ഇടപെട്ട് പരിശ്രമിക്കുന്ന ലാറി ബക്കറും, അദ്ദേഹത്തിന്റെ എല്ലാമെല്ലാമായ കോസ്റ്റ്ഫോർഡ് എന്ന പ്രസ്ഥാനവും അർഹിക്കുന്ന വിധത്തിൽ പരിഗണിക്കപ്പെടുന്നില്ല

.കോസ്റ്റ്ഫോർഡിന്റെ തുടക്കം മുതലെയുള്ള പ്രവർത്തകനും ഡയറക്ടറുമായ ടി. ആർ. ചന്ദ്രത്തുമായി ലിറ്റിൽ മാസിക 2005 ൽ നടത്തിയ അഭിമുഖത്തിൽ നിന്ന്.

**വീടുനിർമ്മാണ മേഖലയിലെ സമകാലിക പ്രവണതകൾ**

വിദേശ സ്വാധീനം മറ്റു പല രംഗത്തെയും പോലെ നമ്മുടെ തനതായ വീടുനിർമ്മാണ പൈതൃകശൈലികളെ മാറ്റിമറിച്ചു. പണക്കൊഴുപ്പ് കാട്ടാനുള്ള അവസരമായി മാറി വീടുനിർമ്മാണം. സത്യത്തിൽ നിർമ്മിക്കപ്പെട്ട ഇടത്തിന്റെ 70 ശതമാനം സ്ഥലമേ ഉപയോഗപ്പെടുത്തുന്നുള്ളൂ. വിദേശത്തെ വാർപ്പു മാതൃകകൾ ഇവിടെ അന്ധമായി പ്രയോഗിക്കപ്പെടുകയായിരുന്നു.

**വീടുനിർമ്മാണത്തിൽ നിർണ്ണായകങ്ങളായ കാര്യങ്ങൾ**

അതതു പ്രദേശത്തെ കാലാവസ്ഥ, ആവാസരീതി, പദാർത്ഥ ലഭ്യത, സംസ്കാരം, ജീവിതശൈലി ഇവ മനസ്സിലാക്കിവേണം വീട് നിർമ്മിക്കാൻ.

**വീടുനിർമ്മാണത്തിൽ ചിലവ് കുറക്കാവുന്നതിന്റെ സാധ്യതകൾ**

നിർമ്മാണത്തിന്റെ ചിലവ് മനസ്സുവെച്ചാൽ 25 മുതൽ 30 ശതമാനം വരെ കുറക്കാം. ചുവരുകൾക്ക് പ്ലാസ്റ്ററിംഗ് തീർത്തും അനാവശ്യമാണ്. ഘടനാപരമായ ഉറപ്പിനും, ഭദ്രതയ്ക്കും പ്ലാസ്റ്ററിംഗ് വേണ്ട. അതുപോലെ സൺഷെയ്ഡുകൾ ചിലവു കൂട്ടുന്ന ഒന്നാണ്. ഒരുപാട് മണലും, സിമന്റും, കമ്പിയും തിന്നുന്ന ഈ സൺഷെയ്ഡുകൾ ഒരു വീടിന്റെ ഘടനയ്ക്ക് യാതൊരു തരത്തിലും ഗുണം ചെയ്യില്ലെന്നുമാത്രമല്ല മഴവെള്ളവും മറ്റും കെട്ടിനിന്ന് പല പ്രശ്നങ്ങളും ഉണ്ടാവുകയും ചെയ്യും. സ്ത്രീ പുരുഷൻമാർ പൗഡർ പൂശുന്നത് പോലെയുള്ള ഒരു വേല മാത്രമാണ് പ്ലാസ്റ്ററിംഗ്.

**തച്ചുശാസ്ത്രത്തെക്കുറിച്ച്**

തച്ചുശാസ്ത്രത്തിന്റെ ശാസ്ത്രീയമായ പല നല്ല വശങ്ങളും ഉപേക്ഷിച്ച് ഇന്ന് അതിൽ നിന്നും കുറെ അന്ധവിശ്വാസങ്ങൾ മാത്രം സ്വീകരിക്കുകയാണ് പതിവ്. ഉദാഹരണത്തിന് തച്ചുശാസ്ത്രം കാറ്റിന്റെയും, മഴയുടെയും ഗതിവിഗതികൾ പരിഗണിക്കുമായിരുന്നു. ഇന്ന് അത്തരം ഗുണപരമായ വശങ്ങൾ അവഗണിക്കപ്പെടുകയാണ്. എനിക്ക് തന്നെ ഒരു അനുഭവമുണ്ടായി. വീട് വെച്ച് അധികം കഴിയാതെ ഞാൻ രോഗിയായി. ലക്ഷണം നോക്കാതെ വീട് വെച്ചതുകൊണ്ടാണ് രോഗം വന്നതെന്ന് ‌പ്രചരണമായി. ഇത്തരം ഒറ്റപ്പെട്ട സംഭവങ്ങൾ സാമാന്യവൽക്കരിക്കപ്പെടുകയാണ്.

## കോസ്റ്റ്ഫോർഡിന്റെ നിലപാട്

“റഡ്യൂസ്, റീയൂസ്, റീസൈക്കിൾ എന്നീ മൂന്ന് തത്വങ്ങൾ ഞങ്ങൾ പ്രാവർത്തികമാക്കുന്നു. കോസ്റ്റ് ഇഫക്ടീവ്, എനർജി ഇഫക്ടീവ് എന്നീ തലങ്ങളിലാണ് ഞങ്ങളുടെ അന്വേഷണം. പി.ഡബ്ല്യു.ഡി യും മറ്റും പ്രചരിപ്പിക്കുന്ന വാർപ്പ് മാതൃകകൾ ഞങ്ങൾ നിരാകരിക്കുന്നു. ഭൂമിയിലെ ഓരോ മനുഷ്യർക്കും ഓരോ മുഖങ്ങൾ ഉള്ളതുപോലെ ഓരോ വീടിനും ഓരോ മുഖമാണ് വേണ്ടതെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.”



*വിദേശ സ്വാധീനം മറ്റു പല രംഗത്തെയും പോലെ നമ്മുടെ തനതായ വീടുനിർമ്മാണ പൈതൃകശൈലികളെ മാറ്റിമറിച്ചു. പണക്കൊഴുപ്പ് കാട്ടാനുള്ള അവസരമായി മാറി വീടുനിർമ്മാണം. സത്യത്തിൽ നിർമ്മിക്കപ്പെട്ട ഇടത്തിന്റെ 70 ശതമാനം സ്ഥലമേ ഉപയോഗപ്പെടുത്തുന്നുള്ളൂ.*

ലാറി ബേക്കർ പണിസ്ഥലത്ത്

Edited,Printed, Published and Owned by Biju John and Printed at 4 Prints Manjeri for Co-Operative Press Chungathara.,Malappuram District.